KOTTAYAM PUBLIC LIBRARY

Call No. MA2 Acc. No. 3501

Author ഗോവിന്ദ ശാസ്ത്രി എം. കെ.

Title അജ്ഞവിലാപം

# അജവിലാപം

(ഒരു ഖണ്ഡകാവ്യം.)

എം. കെ. ഗോവിന്ദശാസ്ത്രി അവർകളാൽ
ഉണ്ടാക്കപ്പെട്ടത്.

മംഗലാപുരം സെൻറ് അലൊഷ്യസ്സ കൊളെജ് മുൻഷി
കല്ലട കുഞ്ഞിരാമൻ അവർകളാൽ
എഴുതപ്പെട്ട അവതാരികയോടും
ടിപ്പണിയോടും കൂടിയത്.

# AJAVILAPAM.

BY

**M. K. GOVINDA SASTRI Avergal.**

**With an introduction and notes by**

**K. KUNHIRAMAN Avl.,**

*Pandit, St. Aloysious College, Mangalore,*

PUBLISHED BY
K. R. BROTHERS, Calicut,

First Edition, Copies 500.

**1921**

(All Right Reserved.)

PRINTED AT THE SPECTATOR PRESS' CALICUT.

Price As. 8.] [വില 8-ണ,

പകർപ്പവകാശം പ്രസാധകന്മാൎക്കുള്ളതാകുന്നു.

13801

MA2

# ശുദ്ധപത്രം.

| ഭാഗം. | വരി. | അശുദ്ധം. | ശുദ്ധം. |
|---|---|---|---|
| 3 | 17 | അപത്രവിഷ്ണോ | അപത്രപിഷ്ണോ |
| 10 | 14 | ഞഴിഞ്ഞു | ഞടിഞ്ഞു |
| 11 | 18 | സാഹണാഹ്നം | സായന്നാഹ്നം |
| 13 | 13 | പ്രഥക് | പ്രഥഗ് |
| 15 | 3 | ധൂർത്തിനീ | ധൂർത്തനീ |
| 21 | 10 | ചൊന്നതിതൊത്തു | ചൊന്നതിനൊത്തു |
| 23 | 2 | കനിഷ്ടകെ | കനിഷ്ഠികെ |
| ,, | 14 | ദ്വതീയ | ദ്വിതീയാ |
| ,, | 19 | നശ്യന്നല | നശ്യന്നില |
| 24 | 10 | നിലക്ക | നിലക്കു |
| 34 | 1 | കഴിക്ക | ഒഴിക്ക |
| ,, | 6 | ക്രതാന്ത | കൃതാന്ത |

മുഖവുരയിൽ പശ്ചാപ്തമൊ ഈ യത്നം എന്നത് പശ്ചാപ്തമൊ അപശ്ചാപ്തമൊ ഈ യത്നം എന്ന് വായിക്കേണ്ടതാകുന്നു.

NATIONAL BOOK STALL
SPCS LTD.
KOTTAYAM

# മുഖവുര.

കവിതാ ക്രമോ, തജ്ജന്യയായ കീൎത്തിയോ, ലോക യാത്രയിൽ അത്യന്തം ഉപയുക്തമായ ധനലാഭമോ അല്ല നമ്മുടെ ഈ പരമലഘുവായ പരിശ്രമത്തിന്റെ മുഖ്യമായ ഉദ്ദേശം.

അതു, ജന്മനാ സംബന്ധികളും മാംസലോലുപന്മാരുമായ മലയാളികൾക്കു മരണം വരെയും അതിന്നു ശേഷവും പല പ്രകാരം ഉപകാരം ചെയ്തു ജീവിച്ചുവരുന്ന ആടു, മാടു, കുയിൽ, കോഴി മുതലായ ചെറുജീവരാശികളുടെ പ്രാണഭയാകുലമായ കണ്ണിൽനിന്നു അകാലത്തൊഴുകുന്ന അശ്രുധാരയെ സദയം തുടച്ചുകളകയെന്നൊന്നുമാത്രമാകുന്നു.

ഇതിലും കുറെ കൂടുതൽ യത്നം ഈ വിഷയത്തിൽ ചെയ്വാൻ സുഗമങ്ങളായ മാൎഗ്ഗങ്ങളിൽ പലതും ദൃഷ്ടിഗോചരങ്ങളായിരുന്നിട്ടുപോലും വിലംബഭീരുക്കളായ ചില സ്നേഹജനങ്ങളുടെ നിൎബ്ബന്ധം നിമിത്തം അതിൽനിന്നു ഇത്ര വേഗത്തിൽ പിന്തിരിയേണ്ടിവന്നതു മാത്രമാണ് ഖേദം. എങ്കിലും, ഉദ്ദേശസിദ്ധിക്ക് പൎയ്യാപ്തമോ ഈ യത്നമെന്ന വിഷയത്തിൽ ഇതു സദനം വായിക്കുന്ന സഹൃദയന്മാർ മാത്രമാണല്ലൊ പ്രമാണം,

ജന്തുഹിംസാ നിഷേധപരമായ നമ്മുടെ ചില പ്രസംഗങ്ങൾ, പലവട്ടം കേൾപ്പാനിടവരികയാൽ, അ

തിലടങ്ങിയ ന്യായങ്ങളെല്ലാം ഒരു പുസ്തകശകലരൂപേ ണ പുറത്തിറക്കിയേ കഴിയുമെന്നു നമ്മെ സസ്നേഹം സമധികം നിർബ്ബന്ധിച്ചുത്സാഹിപ്പിച്ചു ഇപ്രകാരം „പച്ചതെ പരമാണൂപപദാൎത്ഥത്വം" എന്ന നിലയിൽ മുഖവുരയായ ഒരു മുഖവുര എഴുതുവാൻ സംഗതി വരുത്തിയ ശ്രീമാന്മാർ, വി. എം. എസ്സ്. വൈദ്യർ അവർകൾക്കും, ഇ. കുഞ്ഞിക്കണ്ണൻ ഗുമസ്തൻ അവർകൾക്കും ധന്യവാദം പറഞ്ഞുകൊണ്ടു, അപ്പുറം ചേൎത്ത അവതാരികകൊണ്ടു തീരേ ഗതാൎത്ഥമായ ഈ മുഖവുരയെ അധികം വിശാലമാക്കാതെ സദസദ്വ്യക്തി ഹേതുക്കളായ സജ്ജനങ്ങളുടെ സമക്ഷം ഇതിനെ സാദരോഷം സമൎപ്പിച്ചുകൊള്ളുന്നു.

Kasergod.
26—4—1921.

എന്നു് പ്രണേതാവു്.

# അവതാരികാ.

എന്റെ ചിരന്തനബന്ധുവും, കാശി, കല്ക്കത്താ മുതലായ വിഖ്യാതവിദ്യാനികേതനങ്ങളിൽ ചിരകാലം വിദ്യാഭ്യാസം ചെയ്ത് „ശാസ്ത്രി", „വ്യാകരണതീൎത്ഥൻ" എന്നിത്യാദി ഉപാധികളാൽ അലങ്കൃതനും, ദേശസഞ്ചാരത്താലും വിവിധ വിദ്വജ്ജനസംസൎഗ്ഗത്താലും നാനാദേശഭാഷാശൈലികളെ ഗ്രഹിച്ചിരിക്കുന്ന ഒരു സരസവാസനാ കവിയും ആയ ശ്രീമാൻ. എം. കെ. ഗോവിന്ദശാസ്ത്രിഅവർകൾ തന്റെ വിലാപപങ്ക്തിയിൽ രണ്ടാമത്തേതായ „അജവിലാപം" എന്ന ഈ ഖണ്ഡകാവ്യത്തിന്ന് അനുഗുണമായ ഒരു അവതാരികയും ടിപ്പണിയും എഴുതുവാൻ എനിക്കയച്ചുതരികയും കാൎയ്യഗൌരവമോൎക്കാതെ അങ്ങിനെചെയ്യാമെന്ന് ഞാൻ തല്ക്കാലം വാഗ്ദത്തംചെയ്കയുംചെയ്തു. കൃത്യാന്തരഗൌരവംനിമിത്തം ഒന്നിലധികം മാസങ്ങൾ കഴിഞ്ഞിട്ടുപോലും ആ വാഗ്ദത്തം നിറവേററി ഞങ്ങളുടെ ചിരന്തനസ്നേഹത്തെ പരിപാലിപ്പാൻ അവസരം ലഭിയാതെ പൎയ്യാകുലപ്പെടേണ്ടിവന്നു. വല്ല വിധേനയെങ്കിലും അല്പം സമയം വീണ്ടെടുത്ത് ബന്ധുകൃത്യം നിൎവ്വഹിക്കാനാരംഭിക്കുമ്പോഴക്ക് ചില സരസന്മാരായ സ്നേഹിതന്മാർവന്നു ചേരുകയാൽ „ആകരഃസ്വപരഭൂരി കഥാനാം പ്രായശോഹിസുഹൃദൊഃസഹവാസഃ". എന്ന നിലയിൽ കൃച്ഛ്രലബ്ധമായ ആ അവസരത്തേയും ഗത്യന്തരമില്ലാതെ തള്ളിവിടേ

ണ്ടിവന്നു. ഇങ്ങിനെ രണ്ടുമൂന്നു് മാസങ്ങൾ കഴിഞ്ഞിട്ടുപോലും അവതാരികയാകട്ടെ ടിപ്പണിയാകട്ടെ എഴുതി അയക്കായ്കയാൽ "മന്ദായന്തെനഖലു സുഹൃദാമഭ്യുപേതാൎത്ഥകൃത്യാഃ", "ദയിതാസ്വനവസ്ഥിതം നൃണാംനഖലുപ്രേമചലം സുഹൃജ്ജനേ". എന്നിത്യാദി പ്രേമാമൃതദിഗ്ധങ്ങളായ വാക്ബാണങ്ങൾകൊണ്ടു് ആ മാന്യസുഹൃത്തു് എന്റെ ഹൃദയത്തെ ദഗ്ധപ്രായമാക്കിത്തീൎത്തു. അതിൽപിന്നെ പുസ്തകമെടുത്തു് ആപാദചൂഡം വായിച്ചാസ്വദിക്കയും ഇങ്ങിനെ ഒരു അവതാരികയും ടിപ്പണിയും എഴുതാനാരംഭിക്കയും ചെയ്തു. സാധാരണജനത്തെയും അൎത്ഥഗൌരവത്തെയും ആലോചിക്കുമ്പോൾ ഈ പുസ്തകത്തിന്നു് ഒരു വിസ്തൃതവ്യാഖ്യാനം എഴുതേണമെന്നു എനിക്കു വിചാരമുണ്ടായിരുന്നെങ്കിലും ഗ്രന്ഥകൎത്താവു് ഒരു ലഘു ടിപ്പണിമാത്രം എഴുതാനാവശ്യപ്പെട്ടതിനാലാണു് ഞാനും അത്രമാത്രം കൊണ്ടു തൃപ്തിപ്പെടേണ്ടിവന്നതു്.

ഈ അജവിലാപത്തെ വിമൎശിക്കുന്നതിന്നു മുമ്പായി വിലാപത്തിന്റെ പ്രഥമാവതാരം എവിടെനിന്നാണെന്നു് അല്പമായാലോചിക്കുന്നതു് സന്ദൎഭോചിതമാകാതിരിക്കയില്ലെന്നു് തോന്നുന്നു. വിലാപസമ്പ്രദായം നവ്യന്മാരായ ഭാഷാകവികളുടെതല്ലെന്നു് സംസ്കൃതസാഹിത്യരസികന്മാർ ഏവരും ഐകകണ്ഠ്യേന സമ്മതിക്കുന്നതാകുന്നു. രഘുവംശത്തിലെ "അജപ്രലാപവും" കുമാരസംഭവത്തിലെ "രതിപ്രലാപവും" സഹൃദയന്മാർ എപ്പോഴെങ്കിലും വിസ്മരിക്കുന്നതാണോ? എന്നു് പറഞ്ഞതു് കൊണ്ടു് വായനക്കാർ വിലാപം കാ

ളിദാസോപജ്ഞമാണെന്നു കരുതിപ്പോകരുതേ. കവികുലതിലകനായ കാളിദാസൻപോലും പ്രാചീനകവികളെ വിവേകപൂർവം അനുകരിച്ചിട്ടാകുന്നു വിശ്വവിശ്രുതനായിതീർന്നതെന്നു വിചാരശീലന്മാരായ വിദ്വജ്ജനങ്ങൾ ആരെങ്കിലും സമ്മതിക്കാതിരിക്കുമോ? ഇന്നും യശശ്ശരീരെണ ജീവിക്കുന്ന കാളിദാസ മഹാകവിക്ക് ഈ വിഷയത്തിലും മാർഗ്ഗോപദേഷ്ടാവ് ആദികവിയായ വാന്മീകിതന്നെയാണെന്നു നിസ്സംശയം പറയാം. വാന്മീകിരാമായണത്തിലെ "താരാവിലാപവും" അതിലും അതിമനോഹരമായ "മണ്ഡോദരീവിലാപവും" മനസ്സിരുത്തി പ്രായിച്ച മഹാകവി കാളീദാസൻ സൽസമ്പ്രദായ വിച്ഛേദഭയത്താലോ എന്നു തോന്നുമാറ് തൻെറ പ്രധാനകാവ്യങ്ങളിൽ വിലാപഘട്ടങ്ങളെ സരസസരസമായി പ്രയോഗിച്ചതാണെന്നു കാവ്യഭാവനാപരിപക്വബുദ്ധികൾ സർവ്വദാസമ്മതിക്കുന്നതാണല്ലൊ. വാന്മീകിരാമായണത്തിൽ എന്നുവേണ്ടാ മഹാഭാരതത്തിലും ഇപ്രകാരമുള്ള വിലാപഘട്ടങ്ങൾ രസകരതരങ്ങളായി തന്നെ കാണ്മാനുണ്ട്. ഹതനായ അഭിമന്യുവിൻെറ ഭാര്യയായ ഉത്തരാ തൻെറ പ്രിയതമൻെറ വിച്ഛിന്നമായ ഹസ്തത്തെ എടുത്ത് മടിയിൽ വെച്ചു "അയം സരസനോത്കർഷീ പിനസ്തനവിമർദ്ദനഃ നാഭ്യൂരുജഘനസ്പർശീ നീവീവിസ്രംസനഃകരഃ" എന്നിപ്രകാരം തന്നെത്താൻ മതിമറന്നു വിലപിച്ചതും രസികന്മാരാരെങ്കിലും വിസ്മരിക്കുമൊ? ആകപ്പാടെ നോക്കുന്നതായാൽ ഈ വിലാപരീതിയുടെ പിതാവ് കവികളിൽ പ്രാധാന്യം ലഭിച്ച വാന്മീകിയാകയാലും തദനുഗാമികൾ

കാളിദാസാദികളാകയാലും വംശശുദ്ധിയും സംഗഭംഗിയും ഒരുപോലെ ഇതിന്നുണ്ടെന്നു ഖണ്ഡിതമായിപറവാൻ പണ്ഡിതന്മാർ ആരെങ്കിലും സംശയിക്കുമോ? യോഗ്യന്മാരായ സംസ്കൃതകവികളെ ആശ്രയിച്ചാണല്ലൊ ഭാഷാകവികളും പ്രായേണ ജീവിക്കുന്നതു. മഹാകവികാളിദാസൻ, വാല്മീകിരാമായണത്തിൽ അങ്കുരിതപ്രായയായ സന്ദേശരീതിയെ പുറത്തിറക്കിയതിന്റെ ശേഷം എന്തെല്ലാം ഭാഷാസന്ദേശങ്ങളാണ് അനുജാതങ്ങളായിത്തീൎന്നത്. ഇപ്രകാരംതന്നേയാണു ഭാഷാവിലാപങ്ങളുടേയും ആവിർഭാവം.

ഇനി പ്രസ്തുതകഥയുടെ ശരീരത്തെയും, സ്വരൂപത്തെയും പാറ ആലോചിക്കാം. വളരെകാലം സന്താനമില്ലാതെ ദുഃഖിച്ചിരുന്ന ഒരു കിംപ്രഭുവിന്നു തന്റെ ഭാൎയ്യയുടെ യൌവനാവസാനത്തിൽ ഒരു പുത്രി ജനിക്കയും അവളെ കണ്ണിലുണ്ണിയായി വളൎത്തി വരികയും ചെയ്തു. ഒരു ദിവസം ഈ മാതാപിതാക്കന്മാർ തങ്ങളുടെ പുത്രിയോടുകൂടി സമുദ്രതീരത്തുപോയപ്പോൾ ഒരു ആട്ടിൻകുട്ടിയെ കാണുകയും അതിനെ തനിക്കു കിട്ടേണമെന്നു പുത്രി അവരോട് ആവശ്യപ്പെടുകയും ചെയ്തു. ഇതു കേട്ട മാതാപിതാക്കന്മാർ ആ ആട്ടിൻകുട്ടിക്കു പകരം നിണക്കു വേറെ ഒന്നിനെ വാങ്ങിത്തരാമെന്നുപറഞ്ഞു പുത്രിയെ സമാധാനപ്പെടുത്തുകയും പിന്നീടു രണ്ടു ആട്ടിൻകുട്ടികളെ വാങ്ങിക്കൊടുത്തു അവയെ പുത്രനിൎവ്വിശേഷം വളൎത്തിവരികയും ചെയ്തു. അനന്തരം പുത്രിക്കു യൌവനമായപ്പോൾ മാതാപിതാക്കന്മാർ അവളെ അനുരൂപനായ ഒരു ഭൎത്താവിന്നു വി

വാഹം ചെയ്തുകൊടുത്തു. ഒരു ദിവസം തങ്ങളുടെ പുത്രിയും ജാമാതാവുംകൂടി സ്വഗൃഹത്തിൽ വന്നപ്പോൾ അവരെ സൽക്കരിക്കേണമെന്നു നിശ്ചയിച്ചു ഈ മാതാപിതാക്കന്മാർ തങ്ങളുടെ ആടുകളിൽ ഒന്നിനെ പിടിച്ചു കഴുത്തറുപ്പാൻ ഭാവിച്ചപ്പോൾ ഹിംസ, അധർമ്മമാണെന്നും മാംസഭക്ഷണം നിന്ദ്യമാണെന്നും ആ ആട് യുക്തിയുക്തമായി പറഞ്ഞതിനെ ഗണ്യമാക്കാതെ അവർ പിന്നെയും അതിനെ വധിക്കാനൊരുമ്പെട്ടതിനാൽ പ്രാണിവധം വംശവിനാശഹേതുവാണെന്നു വീണ്ടും പറഞ്ഞതിന്നു പുറമെ നിങ്ങൾ ഈ ക്രൂരകൃത്യം ചെയ്യുന്നതായാൽ നിങ്ങൾക്കു അജാകൃപാണീയമായ അനർത്ഥം വന്നു ചേരുമെന്നു അവരെ ശപിക്കുയും ചെയ്തു. ഈ ശാപത്തിന്റെ ഫലമായിട്ടു പിറ്റെ ദിവസം പ്രഭാതത്തിൽ അവരുടെ പ്രേമഭാജനമായ പുത്രി പരമഗതിയെ പ്രാപിച്ചു എന്നും തന്നിമിത്തം അവർ ദുഃഖസമുദ്രത്തിൽ മുഴുകി ഇന്നും പശ്ചാത്തപിച്ചുകൊണ്ടിരിക്കുന്നു എന്നും മററുമാണ് കഥയുടെ സംക്ഷിപ്ത ശരീരം. ഉദ്ദേശാനുരൂപമായി ഇങ്ങിനെ ഒരു കഥയെ കവി സ്വയം കല്പിച്ചതാണെന്നും ഘടനാവൈചിത്ര്യം പ്രകൃതത്തിന്നു ധാരാളം മതിയായിട്ടുള്ളതാണെന്നും ഇതു മനസ്സിരുത്തി വായിക്കുമ്പോൾ സ്പഷ്ടമാകുന്നതാകയാൽ ഏററവും സംക്ഷിപ്തമായ രീതിയിൽ മാത്രമാണ് ഇവിടെ പ്രസ്താവിച്ചിട്ടുള്ളതു

ഇനി കവിതാസ്വരൂപത്തിലേക്കു പ്രവേശിക്കാം. കവിത ആപാദചൂഡം രമണീയമാണെന്നു പ്രാജ്ഞന്മാരായ രസജ്ഞന്മാർ പ്രഥമദൃഷ്ടത്തിൽ തന്നെ സ

മതിക്കുമെന്നു നിഷ്പക്ഷപാതിയായ ഏതൊരു രസിക
നും പറയാതിരിക്കയില്ല. നിഷ്കരുണന്മാരായ ഘാതക
ന്മാരുടെ ഹൃദയത്തിൽ ദുരഭ്യാസവശാൽ ഉജ്വലിക്കു
ന്ന ഹിംസാരസത്തെ അജമുഖത്തിൽ നിന്നു നിരർഗ്ഗ
ളം നിർഗ്ഗളിക്കുന്ന കരുണരസധാരാമൃതംകൊണ്ടു നിർമ്മൂ
ലം ഉൻമൂലനം ചെയ്യാനാണല്ലോ സമരസനായ ക
വിയുടെ ഉദ്യമം. ഉദ്ദേശസമർത്ഥനക്ഷമങ്ങളായ അർത്ഥാ
ലങ്കാരങ്ങൾക്ക് പുറമെ വൃത്ത്യനുപ്രാസം, ശ്രുത്യനുപ്രാ
സം, ഛേകാനുപ്രാസം മുതലായ ശബ്ദാലങ്കാരങ്ങളും
അർത്ഥഭംഗപ്രസംഗം കൂടാതെ അതിവിശദമായി പ്ര
യോഗിച്ചതു വിശാലാശയന്മാരായ വായനക്കാരെ എ
ന്നുവേണ്ട അക്ഷരപരിജ്ഞാനമുള്ള ഏതൊരു മലയാ
ളിയേയും ആനന്ദഭരിതനാക്കി തീർക്കാതിരിക്കയില്ല. മ
ലയാള കവിതയെ സംബന്ധിച്ചേടത്തോളം ശബ്ദാല
ങ്കാര വിഷയത്തിൽ ദ്വിതീയാക്ഷരപ്രാസത്തിന്നാണെ
ല്ലോ ഇക്കാലത്തുള്ള പ്രാമാണികന്മാർ പ്രായേണ വി
ല കല്പിക്കുന്നതു. പ്രസ്തുതകാവ്യത്തിൽ ദ്വിതീയാക്ഷര
പ്രാസത്തോടുകൂടത്തന്നെ തൃതീയാക്ഷരപ്രാസവും മി
ക്ക പദ്യങ്ങളിലുമുണ്ടെന്നു മാത്രമല്ല ദ്വിതീയാക്ഷരപ്രാ
സം ഒരൊററ ശ്ലോകത്തിലൊഴികെ സർവ്വത്രസാരവൈ
ഷമ്യമില്ലാതെ പ്രയോഗിച്ചൊപ്പിപ്പാൻ കഴിഞ്ഞതും
ഈ കവിക്ക് മാതൃഭാഷയിലുള്ള അഭിരുചിയേയും അ
ക്ഷീണതയേയും സ്പഷ്ടീകരിക്കുന്നുണ്ട്. അർത്ഥാലങ്കാര
ങ്ങളിൽ സ്വഭാവോക്തി മുതലായ ചില അലങ്കാരങ്ങ
ൾ നവ്യവിമർശകന്മാർക്കു അത്യന്തം ആഹ്ലാദപ്രദങ്ങളായി
രിക്കുമെന്നതിന്നു 148, 149, 150 ഈ പദ്യങ്ങൾ ഉ

ത്തമോദാഹരണങ്ങളാകുന്നു. ചില പദ്യങ്ങളിൽ രണ്ടും മൂന്നും അലങ്കാരങ്ങൾ തിക്കും തിരക്കും കൂടാതെ പരസ്പരം സഹായിച്ചു പരിശോഭിച്ചുകൊണ്ടിരിക്കുന്നതും സഹൃദയന്മാൎക്കു കൌതുഹലത്തെ ജനിപ്പിക്കാതിരിക്കയില്ല. 42 മതൽ 160 ശ്ലോകം വരെ ചിലേടത്തു കരുണരസം വഴിഞ്ഞൊഴുകുന്നവയും മററു ചിലേടത്തു മൎമ്മഭേദികളുമായവയും ആയിരിക്കുന്ന ഗംഭീര തത്വോപദേശങ്ങളെ വായിച്ചാൽ കവിയുടെ പരിശ്രമത്തെ അഭിനന്ദിക്കാതിരിപ്പാനും ഹിംസയിൽനിന്നു പിന്തിരിയാതിരിപ്പാനും മനസ്സു വരാത്ത അത്ര കഠോരഹൃദയന്മാർ ഗ്രന്ഥകൎത്താവിനാൽ സൃഷ്ടിക്കപ്പെട്ട ഇടപ്രഭു ഒഴികെ മററാരെങ്കിലും ഉണ്ടാകുമെന്നു തോന്നുന്നില്ല. അജത്തിന്റെ സാരോപദേശങ്ങൾ മുഴുവനും കേട്ടിട്ടും ഹിംസയിൽനിന്നു നിവൎത്തിക്കാതെ അതിന്റെ ഗളനാളം നിൎദ്ദയം ഛേദിച്ച നിഷ്ഠുരപ്രഭുവിന്റെ ഏകപുത്രിയെ ദുസ്സരവാൎദ്ധമയത്തിലിട്ടു വലച്ചു കൊന്നതും കാകതാളീയമായ ഈ അനൎത്ഥം നിമിത്തം തൽപിതാവിനെ നിത്യദുഃഖിയാക്കി തീൎത്തതും അവനു മത്സ്യം കൊടുക്കുന്ന മുക്കുവസ്ത്രീയുടെ പേരിൽ വ്യഭിചാരദോഷമാരോപിച്ചതും മററുമോൎത്താൽ ഈ ഗ്രന്ഥകൎത്താവിന്നു മാംസഭോജികളുടെ നേരെ എത്രത്തോളം വിപ്രതിപത്തിയുണ്ടെന്നു വായനക്കാൎക്കു നിരായാസം ഊഹിച്ചറിയാമെല്ലോ. മനുഷ്യൻ പ്രകൃത്യാ മാംസഭോജിയല്ലെന്നു തെളിയിക്കുന്ന "മുഖേന ചെയ്യും" എന്നു തുടങ്ങിയുള്ള അനുമാനശ്ലോകവും ഗ്രന്ഥകാരന്റെ അസാധാരണബുദ്ധിസാമൎത്ഥ്യപാണ്ഡിത്യത്താ

ൽ കല്പിക്കപ്പെട്ട മത്സ്യപദാൎത്ഥ വൈചിത്ര്യവും നൈയ്യായികന്മാൎക്കും വൈയ്യാകരണന്മാൎക്കും ഒരുപോലെ മനോവിനോദത്തെ ജനിപ്പിക്കുന്നതാകുന്നു. മാംസപദത്തിന്റെ അൎത്ഥം ഇന്നതാണെന്നും പ്രാണിവധത്തിൽ ഇന്നിന്നവർ പാപികളാണെന്നും മററും കവി വൎണ്ണിച്ചിരിക്കുന്നതു മനുസ്മൃതിയുടെ നേരെ തൎജ്ജമയാകുന്നു. ഇപ്രകാരം മററും ചില പ്രാചീനപദ്യങ്ങളുടെ തൎജ്ജമ കാണ്മാനുണ്ടു. അവയും മൂലശ്ലോകത്തിന്റെ ആശയത്തിന്നു ലേശംപോലും ഭംഗം വരുത്തീട്ടില്ലെന്നുള്ളതിലേക്കു താഴെ കാണിച്ച ശ്ലോകം ദൃഷ്ടാന്തമാകുന്നു.

മൂലം— അനുമന്താവിശസിതാ
നിഹന്താക്രയവിക്രയീ,
സംസ്കൎത്താചോപഹൎത്താച
ഖാദകശ്ചേതിഘാതകാഃ.

തൎജ്ജമ- വധിക്കുകൊല്ലെന്നു,ഥ കൊൽകനൽകയും,
പചിക്കു,കൊത്തിക്കഷണിക്കു, തിന്നുക,
ശുചിസ്മിതെ! വില്ക്കുക,വാങ്ങുകെന്നൊരീ-
വിചിത്രമാർചെയ്യുവരെട്ടുപാപികൾ.

12—44. ഈ ശ്ലോകങ്ങൾ കുമാരസംഭവംമുതലായ പ്രാചീന ഗ്രന്ഥങ്ങളിൽ കാണുന്ന പദ്യങ്ങളുടെ തൎജ്ജമയാകയാൽ ആശയാപഹാരിത്വ ദോഷമുണ്ടെങ്കിലും രചനാഭംഗിയെ വിചാരിക്കുമ്പോൾ അതു് അത്ര ഗണനീയമല്ല. സംസ്കൃതപദങ്ങൾ കുറെ കൂടുതൽ ഉപയോഗിച്ചുവെന്നും ചിലേടങ്ങളിൽ അൎത്ഥാവബോ

ധം ക്ലിഷ്ടമാണെന്നും സാധാരണന്മാർക്ക അഥവാ തോന്നാൻ ഇടയുണ്ടെങ്കിൽകൂടി

നാഗ്രസ്ത്രീപയോധരഇവാതിതരാംപ്രകാശോ
നഗുർജ്ജരീസ്തന ഇവാതിതരാംനിഗൂഢഃ
അർത്ഥോഗിരാമപിഹിതഃപിഹിതശ്ചകശ്ചിൽ
സൌഭാഗ്യമേതിമരഹട്ടവധൂകചാഭഃ.

എന്നുള്ള ആലങ്കാരികവചനത്തിൽനിന്ന് ഒട്ടും തെററാതെയാണ് മിക്ക ശ്ലോകങ്ങളുടെയും അർത്ഥഗതി. അതി വിശാലമായ സംസ്കൃതസാമ്രാജ്യത്തിൽ പലേടങ്ങളിലും കാണാവുന്ന പ്രൌഢമനോഹരങ്ങളായ പല പദങ്ങളേയും വിശാലദൃഷ്ടിയായ കവി ഉപയോഗിച്ചതിൽ „അപ്രതീതദോഷം” ചിലർ കല്പിക്കുമെങ്കിലും അവകറ്റം സന്ദർഭസുന്ദരങ്ങളാണെന്നു തീരുമാനിച്ചേ മതിയാവും. രണ്ടാം ശ്ലോകത്തിലെ „ചോദിച്ച” എന്ന പദത്തിന്നു „വിധിച്ച” എന്നർത്ഥമാണെന്നു കേറംക്കുമ്പോറം മേൽപറഞ്ഞ ശങ്കയുണ്ടാകുമെങ്കിലും “ചോദനാ ലക്ഷണോർത്ഥോ ധർമ്മഃ” എന്ന മീമാംസാസൂത്രവും തദ്വ്യാഖ്യാനാവസരത്തിൽ „ചോദനാചോപദേശശ്ച വിധിശ്ചൈകാർത്ഥവാചിനഃ” എന്ന കുമാരിലഭട്ടവചനവും മററും നമ്മുടെ കവിയെ ധാരാളം സഹായിക്കുന്നുണ്ടല്ലോ. ആകപ്പാടെ നോക്കുന്നതായാൽ ശ്ലാഘ്യങ്ങളായ മലയാള ഖണ്ഡകാവ്യങ്ങളിൽ ഇതൊരു ഉത്തമ സ്ഥാനത്തെ അർഹിക്കുന്നുണ്ടെന്നു നിസ്സംശയം പറയാം.

സസ്യഭോജനം മാംസഭോജനത്തേക്കാറ്റം ശ്രേയസ്കരമാണെന്നു പാശ്ചാത്യപണ്ഡിതന്മാർപോലും അഭിപ്രായപ്പെടുന്ന ഈ കാലത്ത്, മാംസഭക്ഷണം നിന്ദ്യമാണെന്നു പൂൎണ്ണബോധമുണ്ടെങ്കിലും പരമ്പരയാ ശീലിച്ചുപോന്ന ഈ ദുസ്സ്വഭാവത്തെ പരിഹരിപ്പാനും തങ്ങളുടെ കുട്ടികളെയെങ്കിലും ഹിംസാവിമുഖന്മാരാക്കിതീൎപ്പാനും ഉതകുന്ന ഒരു അഹിംസാധൎമ്മപ്രതിപാദകമായ പുസ്തകം ഇല്ലാതെ കുഴങ്ങുന്ന ജനങ്ങൾക്ക് ഇതൊരു അനുഗ്രഹമായിതീരുമെന്ന് നിഷ്പക്ഷമായി പറയാവുന്നതുകൊണ്ടു അമൂല്യമായ ഈ പുസ്തകം എല്ലാവരും വാങ്ങി വായിച്ചു ഗ്രന്ഥകൎത്താവോടുകൂടെ ചാരിതാൎത്ഥ്യത്തെ പ്രാപിപ്പാൻ കരുണാനിധിയായ ജഗദീശ്വരൻ കടാക്ഷിക്കട്ടെ

മംഗലാപുരം.
20—3—1921.

എന്ന് വിദ്വജ്ജനവിധേയൻ
കല്ലട കുഞ്ഞിരാമൻ.
മുൻഷി, സെൻറ് അലോഷ്യസ്സ് കോളേജ്

# അജവിലാപം.

നടപ്പെട്ടപ്പെന്നിവയിങ്കലൊക്കയും
കിടക്കശേഷം കുറയാതെകേമനായ്
ഘടസ്തനീമൌലിമണീസഹായനായ്
ഇടപ്രഭുപ്രായനൊരുത്തനുണ്ടിഹ. (1)

മുറക്കുചോദിച്ചതുണർന്നിടാതെയും
കുറച്ചുബോധിച്ചതനുഷ്ഠിയാതെയും
ഇറച്ചി,മദ്യം,മഹിളാ,പ്രമത്തമെ-
ന്നുറച്ചുഖേലിച്ചനപത്യനാമവൻ. (2)

ചിരായജായാപതികൾകുമാരനെ
പുരാലഭിപ്പാനമരേശരെന്നപൊൽ
സ്മരാഭിധംതന്നെ ഭജിച്ചുദൈവതം
പുരാണമൂർത്തിക്കിതയുക്തമാകുമൊ? (3)

ഫലിച്ചതില്ലിഷ്ട,മഭീഷ്ടവൈഭവം
ബലിഷ്ഠമെന്നുള്ളിലുണർന്നുദമ്പതി
ജ്വലിച്ചശോകാഗ്നിയൊടൊത്തു മാനസം
ചലിച്ചിടാതെമുഹുരുദ്യമിച്ചുതെ. (4)

.നലംനമുക്കില്ലൊരുനാളുമെന്നിമേൽ
കുലംമുടിഞ്ഞീടുമപത്യമെന്നിയേ
ജലംനമുക്കന്ത്യദിനത്തിലേകിവീ-
ടലംകരിപ്പാനൊരുകൈപരുലേതഹൊ! (5)

സുതാനനംനോക്കൊരുനോക്കുകണ്ടുടൻ
കൃതാന്തബന്ധുത്വമണഞ്ഞുകൊൾകിലും
നിതാന്തഖേദം പുനരില്ലവല്ലഭാ! ”
ഹതാശയായേവമുരച്ചുതത്പ്രിയാ. (6)

വളർന്നപുത്രസ്പൃഹയോടുകൂടവേ
തളർന്നതാരുണ്യമവൾക്കഹട്ടിവം
അളന്നുകൊൾവാനെളുതാത്തൊരാർത്തിയാൽ
പിളർന്നുതത്കാന്തനതോർത്തുമാനസം. (7)

കൃശാംഗിഭൃംഗീനിഭവേണിയൌവന-
പ്രശാന്തികാലെപ്രസവിച്ചനന്തരം
ഭൃശാംഗസൌഭാഗ്യനികേതമാംസുതാം
ശശാങ്കവക്ത്രൻപതികണ്ടുതുഷ്ടനായ്. (8)

വിധിച്ചതെന്തെന്നറിയാത്തപാമരൻ
വധിച്ചുപാപം! ചരണായുധങ്ങളേ
നിധിക്കുതുല്യം മകളേലഭിക്കയാൽ
വിധിക്കുപൂജിച്ചു നിജേഷ്ടദേവതാം. (9)

അപത്യവാത്സല്യമവൾക്കസീമകം
സ്വപത്നിനന്നായ് പ്രസവിച്ചതിൽപരം
വിപത്തുമില്ലെന്നുമുരോജഭൂഭൃതോ–
രുപത്യകാപോലുമതിന്നുദുർഗ്ഗമാ. (10)

അടുത്തവൈദ്യപ്രവരോക്തിയോർത്തവൻ
കൊടുത്തജക്ഷീരമവൾക്കുകാമുകൻ
കെടുത്തിടുംസ്വാസ്ഥ്യമതെന്നൊരാംഗളൻ
തടുത്തുഗവ്യേനവളർത്തിപുത്രിയെ. (11

തരത്തിലന്നശ്ശിശുവമ്മമാരുടെ
കരത്തിൽനിന്നന്യകരത്തിൽവിദ്രുതം
തരത്തിൽനൽത്താമരവിട്ടുതാമരാ-
ന്തരത്തിലോടുന്നളിപോലെമേവിനാൾ. (12)

ക്രമാൽകളങ്കാകലരാത്തചന്ദ്രമ-
സ്സമാനനാ തന്വിനവീന യൗവനം
സുമാറൊരഞ്ചാറു വയസ്സിലെത്തിയ-
കുമാരിമാരിശ്ശരിതൻശരാശരി. (13)

അരാളനീലാളകയായതത്പ്രിയാ
മരാളധാരാളമനോജ്ഞഗാമിനി
"ചിരായമാനാംകാന്തവെടിഞ്ഞ വേളതൻ
പരാഭവംതീർക്കണ"മെന്നുരച്ചുതേ. (14)

ശമിച്ചുസായം വെയിലെന്നുകണ്ടുവി-
ഭ്രമിച്ചുസോയംകടലോരമഞ്ജസാ
ഗമിച്ചു,തത്രാത്മജയോടുമൊത്തുച-
ങ്ക്രമിച്ചുകാന്താകരമേന്തിബന്ധുരൻ. (15)

വിപത്തുസമ്പത്തിവരണ്ടിലുംമഹാ-
നപത്രവിഷ്ണോസഖി! കാൺകൊരേവിധം
അപഷ്ടുവാഴിക്കനടുക്കവീഴിലും
ജപക്കൊഴുന്നാഭരവാക്കുദിക്കിലും. (16)

ചുഴിക്കമദ്ധ്യത്തിലടുത്തുപെട്ടുപോം-
വഴിക്കുപോതങ്ങളുഴിഞ്ഞടിഞ്ഞതും
മിഴിക്കു സന്തോഷ മിയറ്റിടുന്നു തേൻ-
മൊഴിക്കുകാണിച്ചുപലേതുമന്നവൻ. (17)

കട്ടക്കവെന്നായളവിൽകുമാരിതാ-
നുടുത്തപാവാടകടിച്ചുതിന്നുവാൻ
പടുപ്രകാരൻചെറുതായൊരാടു താ-
നാട്ടത്തെട്ടുപ്പാന്നതിന്നേമുതിന്നവറം. (18)

വിലക്കിമാതാവതുകണ്ടസത്വരം
കുലപ്രതിഷ്ഠക്കനിദാനമാംസുതാം
കലക്കമൊന്നുള്ളമവറംക്ക ഭൂരിഭൂ-
തലത്തിൽവീണാശ്രുകരഞ്ഞുകന്യകാ. (19)

പറഞ്ഞതേശാതെ വഴിക്ക മദ്ധ്യേനീ
മറഞ്ഞുവീണാലെനിനാളെനിന്നെഞാൻ
ഉറങ്ങുവാൻവിട്ടിവിടേവരുംകട-
പ്പുറങ്ങറംകാണ്മാൻകൊതിവേണ്ടൊരിക്കലും (20)

പറഞ്ഞനേകംവിധമമ്മയിങ്ങിനേ
കുറഞ്ഞതില്ലാധി സുതക്കപിന്നെയും
പുറത്തലോടിപ്പുരുമാംസലോലുപൻ
തുറന്നുരച്ചപ്പൊഴുതച്ഛനിങ്ങിനേ. (21)

കുലപ്രദീപപ്രഥമപ്രഭേ! ശുഭേ!
സുലക്ഷണേ! നീ കരയായ്കപൈതലേ
തലക്കുതാഴേ മുലയുള്ളൊരാട്ടിനെ
വിലക്കുവാങ്ങിത്തരുമച്ഛനഞ്ജസാ. (22)

പറഞ്ഞവണ്ണം ചെറുതായൊരാട്ടിനേ
കുറഞ്ഞനാറംക്കുള്ളിൽ വിലക്കെടുത്തവൻ
നിറഞ്ഞമോദേന കൊടുത്തുപുത്രിതാ-
നറങ്ങിടുമ്പോഴുമതാട്ടക്കൂട്ടയാം. (23)

ക്ഷണത്തിലിന്നച്ഛനിതിന്നുമൊറോരാ-
ടിണക്കുതന്നിടണമെന്നുതൽസുതാ
വണക്കമോടോതിയതോർത്തു പുത്രിയേ
ത്തുണച്ചുമാതാവുമുരച്ചതേവിധം. (24)

അതേ, ചിതംചേർന്നൊരുപേടയാട്ടിനെ
സുതേ! തരാം ഞാനുടനെന്നുരച്ചവൻ
അതേവിധംചെയ്തു ജഗത്തിലെപ്പുഴും
സുതേഷ്ടദാരാദ്യവശംവദൻഹതൻ. (25)

ചിതത്തിൽനല്ലാദരസ്വരാദിതീർത്തുതൽ-
സുതക്കുനൽകുന്നളവിങ്കലാട്ടിനാ
മമത്തൊടൊത്തപ്രിയതന്റം,കന്ധരാ-
ചിതപ്രമാണംതുടരേകിംണ്ടിനും (26)

നടക്കിലാട്ടും നടകൊള്ളുമൊത്തുതാൻ
കിടക്കിലുംചെന്നരികെ കിടന്നിടും
അടക്കമോട്, ആയവളൊന്നശിക്കുകിൽ
കിടക്കരണ്ടുംപുനരുണ്ടുകൊണ്ടിടും. (27)

മടിക്കയില്ലാടൊരുപോതുമാദരാൽ
കുടിക്കുമക്കന്യകുടിപ്പതൊക്കെയും
പിടിച്ചുശാഠ്യംവിലപിക്കിലോമലാൾ
കടിച്ചചപ്പുംബത! തുപ്പുമപ്പഴേ. (28)

കിടാങ്ങൾകാട്ടുംചെറുചേഷ്ടിതങ്ങളേ
കടാക്ഷഭംഗ്യാപതിയേയുണർത്തിയും
വിടാതെമോദിച്ചവരേയെടുത്തു മാർ-
ത്തടാന്തരേചേർത്തു കൃതാർത്ഥയാംപ്രസൂഃ (29)

ദിനങ്ങൾപോകുന്നളവിങ്കലിങ്ങിടുന്ന
യനംഗമിത്രം ബലമോടുയൌവനം
ധനങ്ങൾകൈപ്പറ്റിയകറ്റിശൈശവം
ജനങ്ങൾകാങ്ക്ഷക്കൂട്ടികൊണ്ടുകന്യയിൽ. (30)

കരുത്തെഴുന്നാൻവയൌവനാഖ്യനാം
ഗുരുപ്രവീരന്റെ സഹായമോടവൾ
പെരുത്തകാമോപനിഷത്തുസതാരം
ചുരുക്കമൊക്കെക്രമശഃശ്രവിച്ചുതേ (31)

ദിനേദിനേപിന്നെ മനോജ്ഞയാമവൾ
സ്വനേമമെല്ലാമൊരുമട്ടുചെയ്തുടൻ
അനേകധാരംമനനംതുടങ്ങിയൌ
വനേ ഫ്ലനേ നിന്നില്ലകാതെകാമുകീ. (32)

തരത്തിലത്യുത്സുകയായപുത്രിയേ
കരത്തിൽനൽകി കമിതുഃപ്രകാമമാം
ജ്വരത്തിൽനിന്നസ്സുത, തത് പിതാവുസം.
ജ്വരത്തിൽനിന്നിട്ടുമഹോവിമുക്തരായ്. (33)

വിടാതെരാവുംപകലുംകഴിച്ചോരെൻ–
കിടാവുപോയന്നുമുതൽക്കജങ്ങളും
തൊടാതെയായന്നമിതെത്രസങ്കടം
നടാടെയാദേവനൊരുത്തനേകിടും. (34)

അതീവഖേദാകുലയായിവണ്ണമ-
സ്സതീമണിചൊന്നവചസ്സനന്തരം
പ്രതീപമെന്നാകിലുമേറഗൃദ്ധമായ്
പ്രതീതനാംതൻപതിയോതിയിത്തരം. (35)

അടുത്തനാളെൻ ദുഹിതാവുതന്നൊടെ
പടുത്വമേറുംപതിയോടുകൂടവേ
എടുത്തിടുംനാളിവിടെവിരുന്നുനാം
കൊടുത്തയച്ചീടുമിവററിലൊന്നിനേ. (36)

സവൎണ്ണമശ്ലാദനിനച്ചുതദ്വരൻ
വിവൎണ്ണനാകും ശ്വശുരൻറമന്ദിരേ
ഗവൎണ്ണറെന്നുള്ള നിലക്കുവന്നതത്
സുവൎണ്ണഭാരാലസയായകാന്തയും. (37)

മധൂളിച്ചൂളുംമൊഴിമൈഥിലിമാലയാം
വധൂസനാഥൻറ സമാഗമോത്സവം
സധൂമകേതൂദയ മെന്നറിഞ്ഞപോൽ
വിധൂയകായംമൂറകൊണ്ടജഡായി (38)

സ്മരൻറഗൎവ്വംകളയുന്നവൻറഘ-
സ്മരൻറജായാസഹിതൻറപുത്രിതൻ-
വരൻറ ഒന്നാംവരവിങ്കലഗൃഹേ-
ശ്വരൻറനോട്ടംപലവട്ടമാട്ടില്ലായ്. (39)

നടിച്ചുസദ്ഭാവമടുത്തുചെന്നുതാൻ
കടിച്ചൊരപ്പക്കഷണംകൊടുത്തവൻ
പിടിച്ചുപിക്കെന്നുഗളസ്തനദ്വയം
ഝടിത്യജത്തെത്തുടയിട്ടുനിഷ്ഠുരൻ. (40)

പ്രദക്ഷിണീകൃത്യദയാദരിദ്രനെ-
തദക്ഷിനീരാഴിനടുക്കമുക്കവാൻ
സുദക്ഷനീമട്ടജിഘാംസുമോതിനാൻ
പ്രദക്ഷിണീകൃത്യവിനീതനായജം. (41)

മുഴുത്തവാത്സല്യമൊടൊത്തുഞങ്ങളേ
വഴിക്കുലാളിച്ചുനിജാത്മജോപമം
കൊഴുപ്പുകൂട്ടുന്നളവിൽപിണപ്രിയാ!
കഴുത്തുകൊത്തുന്നതുമൎത്ത്യനൊത്തതോ? (42)

സുതേതിമോദേനവിളിച്ചുമെച്ചമായ്
ഇതേവരേയും തഴുകുന്നതേതിനാൽ
അതേകരംതന്നെകഴുത്തറുക്കുവാൻ
ഇതെന്തൊരാശ്ചൎയ്യമഹോമഹാമതേ. (43)

വയംവളംചേൎത്തിവളൎത്തിയാൽപരാ-
ജയംവരുത്തുന്നവിഷദ്രുമത്തെയും
സ്വയംനശിപ്പിപ്പതയുക്തമെന്നൊര-
ന്നയംനരാകാരധരിച്ചതില്ലയൊ? (44)

കദാപിനിന്നെപ്പിരിയാതെപിന്തുട-
ൎന്നുദാരപോരുന്നതൊരൊററബന്ധുതാൻ
മുദാധരിക്കേണമതാണുധൎമ്മമി-
ക്കാമിഷംവിട്ടതുനേടണംഭവാൻ. (45)

തൃണംകണക്കെന്നസമസ്തസൌഖ്യവും
ക്ഷണംനശിപ്പിച്ചപരാധമെന്നിയേ
പിണംഭുജിച്ചാലതിനാൽനിനക്കരെ-
ക്ഷണംസുഖം,മേസകലംസമാപ്തമേ. (46)

അഴിച്ചിടാൻപാശമെനിക്കുപാശവം
കഴിച്ചിടേണംപലജന്മമിങ്ങിനെ
വഴിക്കുവെച്ചെൻറ പുരോഗതിക്കുകൺ-
മിഴിച്ചുകാണ്കെത്തടവേകിടായ്കുമോ. (47)

വെറുപ്പുപാരം പശികൊണ്ടുവുണ്ടുനിൻ-
മെറുക്കന്നേ വന്നരികൊന്നുതിന്നുകിൽ
നുറുക്കുമോനീ നരിയേ നരാകൃതേ
പൊറുക്കുമോചൊല്ലിതുപോലെധീരനായ് (48)

ഗുണാഢ്യനായാലുദരം ഭരിക്കുവാൻ
തൃണാദിപോലും മതിയമ്മനുഷ്യനു
ഭണോവിധാല്ലോദരപൂരണത്തിനായ്
ഘൃണാവഹം കൎമ്മമിതെന്തിനേന്തണം? (49)

ഥനിപ്പുതുന്നത്ത വിനോദമെങ്കിൽനീ
തനിച്ചുപോർചെയ്തു വധിക്കവീരരേ
മനിക്കുതുല്യം ജലപങ്കമങ്ങുമി-
ക്കനിഷ്ഠനെക്കൊൽകിൽ ബലിഷ്ഠനാകുമോ? (50)

വധംനിനക്കൊത്തവിനോദമെങ്കിലാ-
യുധംധരിച്ചോരെവധിക്കതാണ്മയാം
യുധംഭയന്നിത്തൃണജീവിതന്നൊയി-
വിധംചതിച്ചാലൊരുശൂരനാകുമോ? (51)

വെള്ളത്തവാളിൻഗതിയേക്കുറിക്കുവാൻ
കുള്ളത്തൊരുള്ളോടൊരു സൂത്രമാദ്യമേ
കൊള്ളത്തിനിയെൻ ഗളസീമ്നി, തെറ്റവാ-
നെള്ളപ്പമോമൂകപജനങ്ങളിംഗിതം. (52)

നിതാന്തകഷ്ടത്തിലിരിക്കുമീമൃഗം
ഹുതാശനൻതന്നാശനീഭവിക്കുകിൽ
പ്രതാപമോടിന്ദ്രപുരേ ഗമിച്ചു ധീ-
മതാമലഭ്യംപദമാളുമെങ്കിൽനീ. (53)

അതിപ്രമോദേന പരക്കുന്നെല്ലാരു-
ന്നതിക്കമാൎഗ്ഗംതിരയുന്നധാൎമ്മികാ!
മതിഭ്രമംപൂണ്ടപിതൃവ്യയോധിക-
ന്നതിൽ സുഖിപ്പാനവനേയജിക്കുന്നി. (54)

അരേപുരീഷത്തിലെഴുംകൃമിക്കുമ-
സ്വരേവ മേവുന്നമരാധിനാഥനും
ഒരേവിധം ജീവനിലുത്കടേച്ഛയും
പരേതരാജൻ വരവോൎത്തു ഭീതിയും. (55)

മരിക്കുവാൻ പോമൊരുഭൂപനോടുനീ
ശരിക്കു ചോദിക്കുനിനക്കുജീവനോ
ധരിത്രിയോചൊല്ലധികേഷ്ടമെന്നവൻ
വരിക്കുമുൎവ്വീതലമല്ല,ജീവനെ. (56)

ഒടിഞ്ഞുതൂങ്ങട്ടെ വ്രണാദിയാലെ ചീ-
ഞ്ഞഴിഞ്ഞുവീങ്ങട്ടെ ചതഞ്ഞിടട്ടെ,നീ
പൊടിഞ്ഞുപോകട്ടെ കുറഞ്ഞൊരംഗവും
വെടിഞ്ഞുകൊൾവാ നൊരുനാളൊരുങ്ങുമോ? (57)

അതേവിധംതന്നെ നിതാന്തപുണ്യസം-
ചിതെസ്വദേഹേപ്രിയമെന്നുമേവനും
പിതേവ പോററുന്നകൃപാനിധേ! മഹാ
മതേ! ധരിക്കെൻെറ മനോഗതംദ്രുതം. (58)

കളഞ്ഞിരുന്നാൽ പതിവായഭക്ഷണം
തളൎന്നുപോകും കരണങ്ങളൊക്കെയും
വളൎന്നുകൊള്ളും ദുരിതംപിടിച്ചുനാ-
വളൎന്നുകൊൾവാനെളുതല്ലതിൻബലം. (59)

അചാരുവന്നാവുളവാക്കിടുന്നതാം
കദാപലംപാരമെഴുന്നിശാചരർ
വിചാരമന്യേപലദേവതാർച്ചന-
പ്രചാരമാചാരവഴിക്കിറക്കിനാർ. (60)

ക്ഷയിച്ചുപോം ബുദ്ധിശവാശനേന സം
ശയിച്ചിടായ്കെൻറ യഥാർത്ഥസൂക്തിയിൽ
ജയിക്കുമെന്നും മതിമാന തോർത്തുവി-
സ്മയിക്കുമെന്നും മതികെട്ടമാംസലുൻ. (61)

ഹരിച്ചുജീവൻെറ മികച്ചജീവിതം
പൊരിച്ചമാംസം പിതൃപൂജചെയ്യുളും
ധരിക്കതുല്യം വിലപെററചന്ദനം
പൊരിച്ചകീറിക്കരിയാക്കിവില്ലതും. (62)

ശ്രുതാർത്ഥമോരാതകഡാരജൈമിനെ-
മ്മതാവലംബിപ്രഥ ബാധതന്നെയാം
മൃതാമിഷംനിവഷളാക്കിടായ്കെടൊ
വല്ലതാദിനിത്യംവഷളാക്കതുത്തമം (63)

മഹീധരൻ രാവണ നവ്വടൻ കചചി
ന്മഹീമഹാത്മാ ബത! സാഹണാശ്വനും
മഹീതലം വേദവിരുദ്ധപദ്ധതി-
ക്കഹീനവൈപുല്യ മിയററി നാററിനാർ. (64)

അവിദ്വന്മസൂപസ്യ കുലത്തിലെന്നതി
അവിദ്വനായാൽകുല മേവനഷ്ടമാം
സപന്നിദ്വരാകും ചെറുജീവരാശിയേ
ഭുവിദ്വതാമില്ലൊരുനാളുമുത്സവം- (65)

യഥാഭിലാഷം ബലിയാം യജ്ഞാദിയേ
വൃഥാഹനിച്ചാൽ ജഗദംബതുഷ്ടയാം
തഥാവിധം ചൊല്ലുമസജ്ജനങ്ങളി-
ല്പ്രഥാം പരീക്ഷിച്ചു പരിത്യജിക്കണം. (66)

ഒരായിരം നല്ലിളയാട്ടിനേശിവാ-
പുരാജിരേ രാവിലടച്ചുപൂട്ടിയാൽ
വരാകിതിന്നൊന്നിനെ യെന്നിരിക്കുകിൽ
ധരാതലേ യിപ്രഥ യുണ്മയായിടാം. (67)

തുറന്നുനാമന്യ ദിനത്തിൽ നോക്കിയാ-
ലുറങ്ങിയുള്ളാട്ടിലൊരൊററപോലുമേ
കുറഞ്ഞുകാണില്ലതുകൊണ്ടു നിർണ്ണയം
പറഞ്ഞുകൊള്ളാം പറിയല്ലപാർവ്വതീ. (68)

കരുത്തെഴും കാളിതദൈവ ക്രൂളിയെ-
ന്നൊരുത്തിയുണ്ടെങ്കിലവൾക്കു നിങ്ങടേ
പെരുത്തൊരൊത്താശ കിമർത്ഥമീപ്സിതം
വരുത്തുവാൻ പക്ഷവധത്തിലാണുവോ? (69)

നിണത്തിനാൽതന്നെ ദിനംകഴിച്ചിടും
കണക്കിലേറച്ചെറുതാം കൊതുക്കളും
തുണയ്ക്കൊരാളെന്നിയെതന്നെ തന്റെ ഭ-
ക്ഷണത്തെയുണ്ണുന്നതു കാണ്കെടോ! ജഡ! (70)

സ്വശക്തിയാലട്ട തദൈവ മൂട്ടയും
വിശപ്പുമാററുന്നണുവായ ദംശവും
കൃശക്കൊരംഗാര! വിചാരയാശുനിൻ-
വിശന്നുദേവക്കു മിന്നസാദ്ധ്യമോ? (71)

നരത്വമില്ലാത്തവനന്തികത്തില-
ത്തരത്തിൽ വന്നാളൊരുധീവരീത്വരി
കരത്തിലേന്തിപ്പിണമാല, മാലെഴും
സ്വരത്തിലിത്ഥം മിതമോതിമേഷകം. (72)

ചരുക്കളേകുന്നവനിഷ്ടമാശുകൈ-
വരുത്തുമിന്ദ്രാദികളും പ്രസന്നരായ്
പൊരുത്തു നാളായിവനായതേകിട്ട-
ന്നൊരുത്തിനീ ചൊല്ലിവനെന്നെവിട്ടിടും. (73)

വഴിക്കവല്ലേടവുമൊന്നു ചാത്തുചി-
ഞ്ഞഴിഞ്ഞുകണ്ടെങ്കിലറപ്പുകൊണ്ടുനീ
പഴിക്കുമമ്മാർഗ്ഗമൊഴിക്കുമന്നൊ-
ട്ടൊഴിക്കുമോ മത്തി നിരത്തിവെക്കിലും. (74)

പുരക്കുടിക്കസ്ഥികിടക്കിലല്ലലാം
അരക്കുതാഴ്ത്തിപ്പണിതീർത്തതോർത്തുനീ
ഉരക്കെടൊ മൂഢ! പുരക്കകത്തിതാ
നിരക്കെവെക്കുന്നതിതെന്തൊരത്ഭുതം. (75)

പുനശ്ചനിരാട്ടുമടക്കിലേവന-
ജ്ജനത്തിൻചാരമശിച്ചകോഴിയെ
അനല്പമോദേന ഭുജിക്കുമപ്രഥക്ക്
ജനത്തിനെന്തൊന്നുജഗത്യഭക്ഷ്യമാം. (76)

കൃതാന്തനാമെന്നെ വധിച്ചുതിന്നുവാൻ
നിതാന്തമിച്ഛിച്ചിരി മറ്റൊരിക്കൽനീ
ഇതാണയേ "മത്സ്യ" പദാർത്ഥവാസ്തവം
കൃതാ സ്വകാ കൃച്ഛ്യഥ ലോടിസിദ്ധമാം. (77)

വിനീത! ഞാനാരെവധിച്ചതിന്നുജ-
ന്മനീഹ. പിന്നീടുവരുന്നജന്മനി
മനീഷിചൊല്ലുന്നവനാണ്ടുമെന്നെയും
ലുനീഹി, "മാംസാ" ർത്ഥമിതാണു, സംശയം. (78)

നിരാമിഷം താനെ സദോത്തമാശനം
പുരാണമിത്ഥം വിദുരന്റശാസനം
നരാധമന്മാർവിപരീതമാക്കിയു-
"ത്തരാ" ർത്ഥമോർത്താലതു പൂർവ്വമാകുമൊ? (79)

പരിത്യജിക്കൊന്നതുതന്നെ നീയുരീ-
കരിക്ക യെന്നിത്ഥമമത്തസത്തമൻ
ഒരിക്കലന്യോന്യവിരുദ്ധ മെങ്ങിനെ
വരിഷ്ഠനാ മാവിദുരൻവിധിക്കുമൊ? (80)

കൃപാനദീതീരമതിങ്കലങ്കുരി-
ച്ചുപായമന്യേ വളരുന്നവന്മരം
അപാപ! പുണ്യാഖ്യമതിന്നുദുഷ്ടതാ-
തപാതിരേകേണവറട്ടൊലാഭൃശം. (81)

സദർത്ഥവാദം ഗണിയാതെയുംപുന-
ർമ്മദർത്ഥിഭാവം വിലവെച്ചിടാതെയും
മദർത്ഥമോതുന്നതിതെന്നുറച്ചുനീ
കദർത്ഥിയാക്കൊട്ടുമദുഷ്ട നിൻഭവം. (82)

ദുരീഹിതത്താൽ പലനാശമേല്പ്പടും
ശരീരികൾക്കെന്നു സമസ്തസമ്മതം
നിരീശ്വരാ! നീ അജമാംസലാലസാ-
പരീതമാം ചിത്ത മമർത്തിനിൽക്കണം. (83)

പരയ്ക്കെഴും മാംസമശിച്ചശിച്ചനി-
ന്നരസ്സുമോജസ്സുമഹർദ്ദിവംമുദാ
പരക്കുവാനാശപെരുത്ത ധൂർത്തിനീ
യരക്കരെക്കാളുമതീവനിർദ്ദയൻ. (84)

അപേതബാധം ജഗദംബനില്ക്കുവാൻ
ഉപേന്ദ്രനല്ലങ്ങയൊരുത്തികാരണം.
ഉപേക്ഷകാണിക്കരുതിക്ഷണത്തിൽനീ
കൃപേ! മഹാദേവി! വിലക്കിവൻകരം. (85)

അയിസ്വമാതൃജ്ജഠരത്തിലേകനായ്
ശയിച്ചനാളക്കടൽശാലതിനുനീ
ഉയിർപ്രണാശത്തെവരുത്തിയില്ലതു-
ന്നായിച്ചിടാം പല്ലദിയാസ്സുതന്നെയാം. (86)

കുശാഗ്രമേററിത്തിരിയൊന്നുരഞ്ഞുടൻ
നിശാന്തകാലത്തിലുലൂകനെന്നപോൽ
അശാന്തനാകം മറകൊണ്ടഭീരുനീ
കുശാപ്പുകാരക്രിയ ചെയ്വതെങ്ങിനെ ! ? (87)

ദിനേ ദിനേ ഹന്ത ! കഴുത്തറുത്തുമി-
ജ്ജനങ്ങളെക്കൊത്തിനുറുക്കിയുംതുലോം
ധനംസമാർജ്ജിച്ചവർ പെട്ടപാടതേ
മനംഭുജിക്കുന്നളവോക്ക മൂഢ ! നീ. (88)

അദന്തനുഗ്ര ട്ടി, മൃദന്തനുസ്സരം,
വിദന്ത വീരാനവരാനബോക്കരും
മദാന്തകന്മാരവരിൽ പെടുന്ന നീ
ദുരന്തമഷ്ടാം പരിചിന്തചെയ്യണം. (89)

പരൻെറകണ്ണാം ക്ഷണിച്ചിടുന്നൊര-
ന്നരൻെറചിഹ്നം നഗരത്തിലേതിലും
ഇരണ്ടുമട്ടല്ലൊരുമട്ടുതന്നെയാം
വരണ്ടുരക്തം വയറേറിനീർവരും. (90)

അപാരമായുള്ള മഹോദരാദിയാ-
ലുപായമററൻെറ കലാന്തകജ്ഞനാം
സ്വപാപസംഘാതമതിന്നുഴന്നതാം
വിപാകമുണ്ണുന്നതു നീയുമെണ്ണണം. (91)

ധ്രുവംനിനക്കൊക്കെ മറിച്ചഹോ! മഹോ-
ത്സവാനികൃഷ്ടം ശവമൊന്നുകിട്ടുകിൽ
സ്വവംശജന്മാർ ജനനീമരിക്കില-
ശ്ശവംതൊടുന്നാകിലുടൻകുളിച്ചിടും. (92)

രസാതലം മാംസരസാനഭിജ്ഞനാ-
ത്യസാരമെന്നുണ്ടൊരു കിംവദന്തികാ
അസാധുവാദം വിലവെക്കൊലാ ഖലാ!
മസാലതൻ യോഗ്യതയാണതൊക്കെയും. (93)

വരിക്ഷുരം ഗോക്ഷുരമിത്തരത്തിൽനി
പരീക്ഷചെയ്യാലളവററഭേഷജം
ശരീരരക്ഷക്ക ലഭിക്കുമെന്തിനി-
ക്കരിതികൈക്കൊണ്ടു കലാന്തകാ! ഭവാൻ. (94)

ഗതാമയം വാഴ്‌വതിനിങ്ങുസജ്ജന-
പ്രതാദൃതെദല്ലമേവഭേഷജം
ഇതായുഷോവേദ മഹോപദേശമ-
ഹിതാമഹാദൈവ്യരുപാധിക്ഷമിക്കുടം. (95)

ശവാശിവൎഗ്ഗത്തിലൊരുത്തനല്ലയേ!
ഭവാൻവിവേകാധികനായമാനവൻ
തവാപിനായെക്കുമെഴുന്നവൃത്തിനു-
ണ്ടവാമ! ചിന്തിക്കിലവാന്തരംപരം. (96)

വിയത്തിലാദിത്യനുദേത്യപൊങ്ങുകിൽ
കിയൽപ്രകൃത്യൈവ നിരാമിഷാശികൾ
പ്രിയപ്പെടുന്നപ്പൊഴുതാ,മിഷാശികൾ
ഭയപ്പെടുന്നൊന്നതുമറ്റൊരന്തരം. (97)

മുഖേന ചെയ്യും ജലപാനമാമിഷം
സഖേ! പ്രകൃത്യാദരിയാത്തജീവികൾ
സുഖേന, നാവാലതു ചെയ്യുമെപ്പൊഴും
സഖേദമാഹോ! പലലാശിജീവികൾ. (98)

ക്രമാലുരച്ചുള്ള ഖിലാപ്തവാക്യവും
പ്രമാദധീകൊണ്ടു പരിത്യജിക്കിലും
സമാന! നീയെന്നനുമാനമുത്തരം
പ്രമാണമോർക്കേണ്ട മഹാദോഷദൂഷിതം. (99)

അമുത്രവായ്ക്കുന്ന വിപത്തുമിന്നുമാം-
സമുദ്ഭവിക്കുന്നതു മോർത്തു സത്വരം
സമുദ്ധരിക്കാത്മകുലത്തൊടൊത്തു നീ
യമുഗ്രസന്താപനിമഗ്നയാം പ്രിയാം. (100)

പുരീഷമൂത്രാദി പരീതമായിടും
ശരീരകം ശുക്ലരജോവികാരമേ
തുരീയമാകും പുരുഷാൎത്ഥമൎഹതാം
ധുരീണ! നീയായതശിപ്പതദ്ഭുതം. (101)

ജഗന്നിയന്താ ദയചെയ്തുതന്ന നി-
ന്നഗണ്യഭോഗം പരിശുദ്ധമെത്രയും
മൃഗങ്ങൾതൻചോര ചൊരിഞ്ഞതിന്നു നീ
യശസ്യഭാവത്തെ വരുത്തിടായ്കെടോ!. (102)

ഗൃഹത്തിലിത്ഥം കൊലവീഴ്കിൽഭക്ഷണാ-
ഗ്രഹത്തെവിട്ടദ്ദിവസം വസിച്ചിടും
മഹത്തരന്മാരതി നീചരിങ്ങിനേ
വിഹംഗരെക്കൊന്നുദരം ഭരിക്കുവോർ (103)

ശവംകരിഞ്ഞപ്പുക മൂക്കിലേല്ക്കുകിൽ
ജവംതിരിക്കും മതിമജ്ജനംവനാൽ
അവന്ധ്യമാം ജന്മമതിന്നുമാംസസം-
ഭവംശപിച്ചാലിതു പാമരാശയം. (104)

അനാര്യ! മര്യാദമറന്നിറച്ചിയിൽ
ഘനാശകൈക്കൊണ്ടൊരു സാധുജീവിയേ.
വിനാപരാധം ബത കൊന്നുതിന്നിടും
ശുനാംഭവാനും പുനരെന്തൊരന്തരം (105)

മനുഷ്യനാദ്യം സകലംജഗത്തിതെ-
ന്നനുസ്മരിച്ചാരിഹ വാമമാർഗ്ഗികൾ
തനുക്കളാത്മാക്കളവർക്കു, പാർക്കില
മനുപ്രമാണത്തിലതുൾപ്പെടാ ഭേദം. (106)

അടിച്ചുകൊൾവാൻ പരമാംസമെങ്ങുമേ
വിധിച്ചതില്ലമ്മനു മാനവേശ്വരൻ
ഉദിതാദരാമോദമയേ! തദീയമാ-
സ്വദിച്ചുകൊൾകാശു നിഷേധവാചകം (107)

ംന്നിശാചരന്മാർ മധ്യമാംസഭക്ഷണം
പിശാചരും ചെയ്യുമവർക്കതന്നമാം
കുശാഗ്രധീയാംനരനല്ല അത് ആയവൻ
പ്രശാന്തപാപംഹവിരുണ്ണുമിന്ദ്രവൽ.” (108)

ഇതിന്നു രണ്ടർത്ഥമൊരിക്കലുണ്ടതി-
ന്നതിന്നതെന്നും പറയാംധരിക്കനീ
ഹതിഃ സവെവയ്യ, തഥൈവമർത്ത്യസം-
തതിക്കുകല്പിച്ചതു സസ്യഭോജനം. (109)

വരാ, പരീക്ഷിച്ചറിവാനെളുപ്പമാം
വരാന്ന മുണ്ണുന്നവനന്യഗാമയം
പരാമിഷാശിക്കെളുതാം പരാമയം
വരാനതാർത്തും വിരമിക്കണംഗുണീ. (110)

വരാക! രാഗാൽ പിശിതംഭുജിക്കിലും
വരാകരാഗാമിയ ദീർഘപാതകം
പരാപരാഭിജ്ഞരുരച്ചതെന്തിനായ്
പരാപരാധപ്രതികർമ്മദുർമ്മതേ! (111)

ദൃശിക്രിയക്കാരിരുപേരുമെൻ സഖെ!
വിശിഷ്ടഗന്ധജ്ഞനൊരുത്തനും മുഖെ!
സുശിക്ഷിതന്മാരിവർ മൂവ്വരെന്നുമെ-
ന്നശിപ്പതെന്നൊർത്തു പരീക്ഷചെയ്യുമേ. (112)

തറച്ചപാത്രത്തിൽ നിറച്ചുവെച്ചതാ-
മിറച്ചികണ്ടാലുടനേ വിലോചനേ
അറച്ചുമണ്ടിക്കു, മതൊന്നുനാറുവാൻ
പറച്ചിപെറ്റോർക്കുമൊരാഗ്രഹം വരാ! (113)

മറിച്ചു നാരങ്ങ സുദൂരമാകിലും
തുറിച്ചുനേത്രങ്ങളുറവനോക്കിടും
പറിച്ചുചുംബിപ്പതിനാശമൂക്കിനാം
കുറിച്ചുകൊൾകിത്ഥമഭക്ഷ്യഭക്ഷ്യതാം. (114)

അധീരതന്മേലധികാരികൾക്കുതാ-
നധനയാണെന്നുണരാതെ നാവുതാൻ
വധിരണം ചെയ്യുവളുണ്ടു, ജീവിതാ-
വധീഷചൊൽകീഴരാശ്ശവൾക്കുനീ. (115)

വിനോദശീലം വെടിയാതെനിത്യമെൻ-
മനോവിഹ്വാതം തുടരുന്നതത്ഭുതം
ജനോപകാരായ മുളുണ്ണു നൽകിഞാ-
നനോഷകാനാളിലകൊണ്ടുവർത്തകൻ (116)

ഗിരീശപാദത്തെ നമിച്ചുമെച്ചമായ്
കരീഷവഹ്നൌ ഭസിതീകരിച്ചുമേ
പുരീഷ, മക്ഷാരജലത്തിൽവെന്താണൊ-
ശരീഹരിക്കാത്ത ഗദങ്ങളില്ലയേ! (117)

എരിച്ചുകച്ചോരില പച്ചവെള്ളവും
ചരിച്ചുതച്ഛമച്ഛവിയായ ദുശ്ശമായ്
തിരച്ചുകാസ, ശ്വാസന, ാ
ഘരിച്ചുപോരും ഭിഷഗദ്യവദ്ധ്യനോ? (118)

മദിച്ചുതുള്ളുന്നള വിങ്കലേഷണോ-
നദിച്ചുതള്ളുന്നൊരു രീതിപാർത്തവൻ
മലിഷ്ടനെന്നും, രസസിദ്ധനത്തൽവ-
ന്നദിക്കുമാറാകുമൊരുത്തനേതെടോ? (119)

വൃകാദിമദ്ധ്യേ പുനരൊന്നിനോടിതേ
പ്രകാരഹുംകാരമുപാചരിക്കുകിൽ
അകാരണം സാധുനികാരണാത്മക! നിൻ-
വികാരമെന്തെന്നറിയായ രുന്നതേ. (120)

മൃദുസ്വരം നീചരിൽനിന്ദ്യമെന്നവൻ
കടുക്തിയും യുക്തിവിടാതെചൊല്ലിനാൻ
സദുഷ്ടനെല്ലാമതു തള്ളുമെന്നുണ,ന്ന
ദുഷ്ടത്തെതൻമൊഴിയോടിതോതിനാൻ. (121)

വിശാലബുദ്ധേ! പലലാതിലാലസാ-
വശാലി വൻചൊന്നതിതൊത്തുനിസ്ത്രപം
കൃശാംഗി! നീ നിൻെറ മഹാമഹാനസം
ശ്മശാനമാക്കാതിരിയെൻശവത്തിനാൽ. (122

രുചിക്കുമേരുന്നതിതെന്നു നിഷ്ഠമൻ
വചിക്കിലും തേ കമിതാ മലാമിഷം
ശുചിക്കുമേൽപെററ കലാബലാമണെ!
പചിക്കൊലമ്മാ! മനുവാക്യമോൎക്ക നീ. (123)

വചിക്ക കൊല്ലെന്നഥ കൊൽക, നൽകയും
പചിക്ക, കൊത്തിക്കഷണിക്ക, തിന്നുക.
ശ്രമിസ്മിതേ! വിൽക്കുകവാങ്ങുകെന്നൊരീ
വിചിത്ര,മാർ ചെയ്യുവരെട്ടുപാപികൾ. (124)

നിനക്കുനിന്നാഥനപായമെത്തിയാൽ
മനക്കരുന്നിങ്കൽ നിമേഷമെങ്കിലും
കനക്കമുന്മേഷമൊരിക്കൽ വാസ്സുമൊ?
നിനക്കുപെണ്ണേ ഷമതിന്നുമിവിധം. (125)

സ്വാരക്ഷണത്തിന്നതിയായിരക്കമാ-
യുരഭ്രമോത്തുന്നതിനൊത്തൊരന്തരം
ഒരക്ഷരം താനുരിയാടിടാതെക-
ണ്ടരക്ഷണാൽ പാകഗൃഹംഗമിച്ചവൾ. (126)

ജനിച്ചതൻകുഞ്ഞുകളിൽ ചിലേതിനേ
തനിച്ചതിന്നുന്ന നികൃഷ്ടശീലയാം
ശ്രുനിക്കമങ്ങൾ മിരിക്കുമന്തരം
എനിക്കചിന്തിച്ചറിവാന്നിതാന്തരം. (127)

പിതാവുമാതാവിവരദ്ദ്യനിശ്ചിതം
സതാമുദാരം പ്രതമാശ്രുകൈവിട്ടും
നതാംഗി മത്സോദരിപോരുമേകമാം
കൃതാന്തദന്താൽ പരിപാതുമെന്നവൻ. (128)

ഹിതാഹിതം തെല്ലുണരാതെവേലിവ-
ന്നിതാസുജാതെ വിളതിന്നു, നിൻകുലെ
പതാകപോലെ വിലസുന്ന നിയ്യമീ-
ഗതാസുവേപാതു മൊരുത്തിതാനലം. (129)

കളിച്ചനാമന്നൊരുമിച്ചുവാണനാ-
ളൊളിച്ചു ഞാൻനിന്നള വിങ്കലമ്മയൻ
പൊളിപ്രവാദം പൊരുളെന്നുണന്നുവാ
പൊളിച്ചു തങ്കച്ചി തരത്തിലിങ്ങുവാ. (130)

മുടിക്കുതേക്കുന്ന സുഗന്ധതൈലമെൻ-
തടിക്കു നീ പണ്ടുഴകോട്ടതേച്ചതും
വെടിപ്പിലെന്തുണ്ണു മിനുക്കിവോന്നതും
പിടിപ്രയാണെ ഭഗിനി മറന്നുവൊ? (131

എനിക്കരിഷ്ടെങ്കിലരിഷ്ടിൽ നീയുമെൻ
കനിഷ്ഠകെ മത്സുഖ മന്നുനിൻസുഖം
അനിഷ്ടകാലത്തിത നിൻമഹോത്സവം
ഏനിഷ്ഠയായുള്ള വിപത്തെനിക്കഹോ. (132)

യമന്റെപാശം പരിതോസ്യകന്ധരാം
അമന്ദവേഗം പതതിസ്മ സോദരി
നമന്നയം നിന്നടിയിങ്കലാതുരൻ
ശമം കൊതിച്ചേറ്റ മിരന്നിടുന്നിതാ. (133)

ഇണങ്ങിമന്നാം മൃഗജാതിയോടതെൻ
ഗുണങ്ങളേറും പതികേൾക്കിൽ നാണമാം
പിണങ്ങു മിയാട്ടരിയാട്ടാക്കിൽവാ-
യുണങ്ങുമാറെന്നെ വിളിച്ചു കഷ്ടമേ. (134)

ഇതീവ ചിന്തിച്ചുഴലുന്ന നേരമ-
ദ്വതീയ പാണ്ഡിത്യ ചണാവലക്ഷണം
തദീയമാതാ തരസാവിളിച്ചുതാ-
മതീവ ദൂരത്തിലകാറ്റി യുക്തിയിൽ. (135)

അമാന്തമത്തന്വി തുടർന്നതോർഗ്ഗലം
സമാസമിത്ഥം മുഹുരൂചിവാനവൻ
സ്വമാശ്രു നശ്യന്നലയിങ്കലാകിലും
പുമാൻമറക്കാകുലധർമ്മമർമ്മണീ. (136)

സ്വദാരമന്നാംബ! നിനച്ചു നിന്നെഞാ-
നസാരമോക്കാതെ നിതാന്തകർക്കശേ!
മസാരസാരാക്ഷി! വിപത്തിലിന്നുഞാൻ
സ്വസാരമെല്ലാം വഴിപോലുണർന്നെടോ! (137)

അമംഗളം വന്നണവാനെനിക്കുമെൻ-
സുമംഗലിക്കും സുകുമാരി! സോദരീ!
സുമംഗളപൂണ്ട ചുരുണ്ട കുന്തളേ
കിമംഗ നിന്മാംഗലമല്ലി കാരണം. (138)

സുനിശ്ചിതം നല്ല ജനത്തിനാത്മജാ
ജനിച്ചതാകിൽ പഥിനിൽക്കുമല്ലപോൽ
തനിച്ചുരക്ഷിക്കമിരണ്ടുപക്ഷവും
ഘനിച്ചുകൊള്ളും കുകുമാരി ചേരുപോൽ. (139)

"കുലപ്പെട്ടത്താം കുറവില്ലകുട്ടനി-"
നിലക്കുലോകത്തിലെഴുന്നൊരങ്കമാം
തലക്കുനീ തൊട്ടതെനിക്കുകുങ്കുമ-
ച്ഛലത്തിലീ ശങ്കബലപ്പെടുന്നമേ. (140)

കൊതിച്ചുനിന്നെപ്പ്രതിയോടു കാണുവാൻ
സ്തുതിച്ചപെണ്ണിൻ പതിയാകുമെന്നെനി
ചതിച്ചു താമിട്ടഴലാഴിതന്നിൽ നിൻ
പ്രതിപ്രിയം നന്നു തനാംഗി നന്നൊടാ (141)

കടന്നരാഗം കരഭോരുകാന്തരിൽ-
തുടർന്ന രാമാജനമേകകുക്ഷിയിൽ
കിടന്നവർക്കും കുഴികുത്തുമെന്നുമുൻ-
നടന്നസൂത്രത്തിനടുത്തവൃത്തിനീ (142)

മദാന്ധനായമ്മനുജൻ തുടർന്നൊര-
സ്സദാരുണം ഭർത്തൃരകാരണം ക്ഷണം
തദാനിനച്ചാർത്ത തരംകെരഞ്ഞത-
നുദാരദാരാനജമോതിയിങ്ങിനെ (143)

വിയോഗമെന്തെന്നറിയാത്ത സാധ്വി, യീ
അയോമയാന്തഃകരണൻ ഹനിച്ചുമാം
പ്രയോജനം നീ വിലപിക്കിലില്ലെനി-
പ്രിയേയമെന്തൊന്നു കരോമിനിൻപ്രിയം. (144)

ഹൃദന്തരാളത്തിലമന്ദ കൌതുകം
ത്വദംഗമെന്നാലമലേ സമർപ്പിതം
തദദ്യ ഞാനേതു വിധത്തിലക്ഷതം
മദംബ! രക്ഷിക്കുമസിക്കുഗോചരൻ. (145)

അകോപനേ ! നീ നില വിട്ടു കേഴിലീ-
വൃകോദരൻ മാംവൃഷലൻ വിടാദ്ദൃഢം
സുകോമളം തേ ഗളനാളമിങ്ങിനേ
വികോചമാളുന്ന തതീവ ദുഃസഹം. (146)

നഹിപ്രയാസം;നിശിതാസിധാരസാ-
സഹിക്കുനിസ്സാരമെനിക്കൊരായിരം
വഹിക്കുമീ നിൻനയനാംബുധാരയേ
സഹിപ്പതിന്നില്ലിവനാവതേതുമേ!. (147)

ചെറുത്തുനിന്നുംചെറുതൊന്നുചാടിയും
മറുത്തുമന്യോന്യമടുത്തുമുട്ടിയും
ചെറുപ്പകാലംമുതലീദിനംവരെ
ചൊറുപ്പെഴുംപ്രേയസി! നാംകളിച്ചുതെ. (148)

കനത്തകൌതൂഹലമോടുമെന്നുപാ-
വനത്തിലത്തൽതരിനേരിടാതെനീ
വനത്തിലുത്തുംഗശിലാതലത്തിലി
ജ്ജനത്തൊടൊത്തിഷ്ടവിഹാരതുഷ്ടയാം. (149)

13501

രതിപ്രിയൻഞാനരികേവരുംവിധൌ
കുതിച്ചുനീപോയൊരു കോണിൽനില്ക്കവേ
ധൃതിപ്പെടാതെപ്പുറവുംചൊറിഞ്ഞുഞാൻ
മതിൽപുറംചാരിവരുന്നതെന്നിനി? (150)

പശിപ്പിണിപ്രീതിവരുത്തിയൊത്തുനാം-
മശിച്ചു ചപ്പപ്പിവ താപസോപമം
നിശിപ്രിയേ ! നിദ്രസുഖേനചെയ്തുപോയ്
വിശിഷ്ടമക്കാലമതിവദുർല്ലഭം. (151)

നിഷൂദനാദദ്യവിഷദ്യനീയുമെൻ-
പ്രസൂനമൃദ്വംഗി ! പരാസുവാകുകിൽ
അനൂപമന്മാർ മമ മക്കളഞ്ജസാ
പ്രസൂനരായ് ചാ മളവററത്തുണ്ണയാം. (152)

ഒരല്പനേരംഭവനിദ്രചെയ്തുകേ-
ണിരക്കപോകാൻ പരിചററ ചിററകാർ
തിരക്കമയ്യോ ! പതിശോകസാഗര-
ക്കരെക്കു നീതാ നസമർത്ഥ നിന്തുവാൻ. (153)

ധരിക്ക മത്പ്രേയസി ! മേ വചസ്സുപ
ണ്ടോരിക്കലോരാത്തവിപത്തിലാണ്ടുനീ
മരിക്കൊലാ, പിന്നെയജാന്തരത്തെധി-
ക്കരിക്കൊലാ; വന്ധ്യവധത്തിലുൾപ്പെടും. (154)

അജേസമർപ്പിച്ചു മനോന്തിമാംദശാം
ഭജെ വിയോഗവ്യസനാ നഭിജ്ഞികേ!
നിജേച്ഛപോലെ സതതം രമിക്കുവാ-
നജേ! നിനക്കാരെനിയംബ! ഭൂതലേ. (155)

സഹായവായറ്റസമസ്തജീവിയും
മഹാഖലന്മാൎക്കിരയായിതാകലൌ
ഹഹാ! മഹാകഷ്ടമരാജകംജഗ-
ത്തിഹാബലന്മാർവയമെന്തുചെയ്തിടും? (156)

നൃപാലനായേകനിഹത്തിലില്ലഹോ!
ക്ഷപാചരന്മാരവനിക്കുനാഥരായ്
കൃപാണമേന്തി കൃശരെ ഹനിക്കുവാൻ
ത്രപാവിഹീനം തുടരുന്നു ദൈവമേ! (157)

ഇരക്കുവേണ്ടുന്നവയാകിലുന്തുലോം
ഇരക്കയില്ലിങ്ങു മരിക്കുവോളവും
ധരിച്ചിതിൻവണ്ണ മയാചിതവ്രതം
ശരിക്കുപാലിക്കുമെനിക്കിതോവിധി! (158)

ദ്വിജാദി വിദ്വേഷമശേഷമില്ലെനി
സ്വജാതിയിൽതന്നെ സദാപി മേ രതി
അജാഭിധൻഞാനതുകൊണ്ടസൂയയോ
പ്രജാപതെ! ഹന്ത! പിഴച്ചതെന്തുതേ? (159)

അജാതതാപം മൃഗധൎമ്മദുൎമ്മതേ!
ഭുജാബലംകൊണ്ടിവനേഹനിക്കുകിൽ
അജാ കൃപാണീയ മനൎത്ഥമഞ്ജസാ
കുജാത! നിന്മേൽവരുമെന്നവേഹിനി. (160)

സ്ഫുടം പടീയാ നജമിത്ഥരംപാ
ഞ്ഞടങ്ങുവാൻ പോമളവിൽപുരസ്ത്രിയും
കടന്നുവന്നിത്ഥമരച്ചുതൻകടീ-
തടത്തിലൎപ്പിച്ചിരുകൈത്തലങ്ങളും. (161)

പുരാണമോതുന്നുമൃഷാമൃഗങ്ങളും
പുരാ നരാണാം മൊഴിയേ മൊഴിഞ്ഞതായ്
ധരാതലം തന്നിലതേവിധത്തിലി-
ന്നൊരാട്ടരക്കന്നതസംഭവം ധ്രുവം. (162)

മരങ്ങൾ, കായും, കനിയും പ്രിയപ്പെട്ടും
കുരങ്ങിനെന്നോണ്ടു പിറന്നിറന്നവൻ
തരത്തെയോർത്തിന്നജമെയ്യിൽവന്നുകോ-
മരത്തെ രക്ഷിപ്പതിനാഗ്രഹിക്കയോ. (163)

ഗണിച്ചിതിൻവാക്കരസിച്ചുനില്ക്കു തീ-
ത്തണിച്ചുഞാനും സുഖമായിരുന്നിടാം
ക്ഷണിച്ചുചേർത്തുള്ളവരെന്തുകൂട്ട മി
പ്പിണിക്കുമന്ത്രം കൊടുവാളു പോരയൊ? (164)

വിനാശമംസ്ത്രീജിതനീച നാമിഷാ-
ശനാശപാരിച്ചരണോക്തിതള്ളിനാൻ
വിനാശകാലത്തിലസജ്ജനങ്ങൾ സ-
ജ്ജനാശയം തീരെ നിരാകരിച്ചിടും. (165)

കളഞ്ഞുകാരുണ്യമഹോ! മഹാഖലൻ
വളഞ്ഞുനിന്നക്കൊടുതായവാളിനാൽ
ഗളംമുറിച്ചോയുരണന്റെകാന്തയും
തളന്നുവീണത്തലയോടുകൂടവേ. (166)

മരിച്ചോരാട്ടിന്റെ ശവം മുറിച്ചതോ-
ലുരിച്ചുകൊത്തിക്കഷണിക്കമക്ഷണേ
ചിരിച്ചുചെന്നാശു നവോഢതാനുപാ-
ഹരിച്ചുവെച്ചക്കരളീശ! മേശമേൽ. (167)

പിണത്തിലത്യാർത്തിപിടിച്ച കാമുകി
അണച്ചുഭേഷായൊരു കത്തി, മേശമേൽ
നിണത്തിൽനീന്തുന്ന യകൃത്തു സത്വരം
കണക്കിലൊക്കെക്കഷണിച്ചുവെച്ചുതേ. (168)

പുത്രസ്വനാഥൻസമയം തലോട്ടമ-
മ്മെത്രസ്വരാതന്റെ നട്ടപ്പുറത്തഹോ!
പത്രക്കയല്ലത്യതിദുഃസഹം തദാ
കൊത്രക്കടിച്ചൊന്നുഞെളിഞ്ഞുലഞ്ഞവൾ (169

ഉളിക്കനാണിച്ചൊരു കോണിലാശുപോയ്
ഒളിക്കുവാനാശകൊടുത്തിടുംസഖി!
തെളിക്കണേ നീ കൊതുതിന്നിടുന്നുമാം
വിളിച്ചുരച്ചാളവൾ ളാളിയോടിദം. (170)

ചട്ടക്കളോരോന്നുപറഞ്ഞു പാഞ്ഞുവ-
ന്നടുക്കളക്കാരി വയസ്യതന്നുടെ
അടുക്കനിന്നൊന്നു പുറംതലോടിയ-
മ്മിടുക്കനാകുംകൊതുവോടിമോടിയിൽ. (171)

കടിച്ചദിക്കിൽക്കരമെത്തിടില്ലയി-
ത്തടിച്ചിതൊട്ടാലവിടേയുമാം ചൊറി
പിടിച്ചുപോയോ തിമിരം നിശാചരി-
ക്കടിച്ചു പൊട്ടിക്കണമെന്നുരച്ചവൾ. (172)

ചൊറിഞ്ഞുകത്തിത്തലകൊണ്ടുകണ്ഡുപോയ്
മറിഞ്ഞു തെല്ലൊന്നു തളിയമേനിയും
മുറിഞ്ഞുമർമ്മത്തുകർമ്മവൈഭവാ-
ലറിഞ്ഞതില്ലായവളന്യചിന്തയാൽ. (173)

വിലാസിനി ഹന്ത! മറിച്ചുവെച്ചുതൻ-
പലാശനാകും പ്രിയനേകിയക്കരൾ
കുലാലതാതസൂനി, തന്റെ യൌവനോ-
ജ്ജ്വലാംഗിതൊട്ടാലവനഷ്ടിമൃഷ്ടമാം. (174)

വിരുന്നുസല്ക്കാരമതീവഘോഷമാ-
യിരുന്നതിന്നുള്ള പദാർത്ഥ സഞ്ചയം
ഞെരുങ്ങുമാറോന്നുരചെയ്കിൽ നാമതിൽ
ചുരുങ്ങിയാലുണ്ടൊരു നൂറുജീവികൾ. (175)

പിതാവുമാത്തപ്രണയാംബുരാശിയും
ബതാന്തികേ സമ്മുഖമൊത്തിരിക്കവേ
നിതാന്ത മന്നംബ തിരക്കിനില്ലയാൽ
നതാംഗി സംഗീതമെടുത്തുഭംഗിയിൽ. (176)

പരംപണിപ്പെട്ടൊരുതോടിപാടികി-
ന്നരംജയിച്ചുള്ളവികസ്വരസ്വരാ
അരംതരാംപണ്ണൊരു മന്ദ്യനോവഹോ !
കരംതരത്തിൽതലയോടുചേർത്തവൾ. (177)

കണക്കിലേറെക്കമനീമണിക്കവ-
ന്നിന്നകമസ്വാസ്ഥ്യമസഹ്യമാകയാൽ
ക്ഷണത്തിലുത്ഥായ ഭയാതുരാ സതീ-
ക്ഷണത്തിൽനിന്നംബുചൊരിഞ്ഞുമഞ്ഞുപോൽ (178)

അകത്തുചെന്നാശു കസേലമേലിരു-
ന്നകത്തസഹ്യവ്യഥയുള്ളൊരാമലാൾ
സ്വകത്തെയോർക്കാതെമറിഞ്ഞുവീണുപോ-
യകത്തഴപ്പിൻപരിണാമമീദൃശം. (179)

ഉറക്കവൊവിട്ടതുകണ്ടുമണ്ടിവ
ന്നറക്കകംപുക്കവരാക്കവെക്കമേ
വിറയ്ക്കമുള്ളോടചലതല്പമേററിട്ടുക്-
തുറക്കവാനും കഴിയാത്തപുത്രിയേ. (180)

രതിക്ഷതൌജസ്സ്വലാമയാവിനീ
പ്രതിക്ഷണം വില്ലുലവാൻ കാമിനീ
കുതിച്ചിരുന്നമ്പുകണക്കു യാമിനീ-
പതിപ്രതീകാശമുഖി യമോൻമുഖീ (181)

കുലക്ഷിതിക്ഷിൽ പരിചോട്ടമാറയ-
ന്നലക്ഷ്യമാക്കിത്തൊഴുംജനങ്ങളേ
വിലക്ഷണംമന്ന്യവലിക്കയാൽശിരം-
സ്സുലച്ചുകട്ടിൽത്തലയോടനേകദാ! (182)

പിടിച്ചുവെച്ചാരവരെങ്കിലുംബലാ-
ലടിച്ചുകട്ടിൽത്തലയോട്ടതത്തലാ
പൊടിച്ചുകഷ്ടംതലയോട്ടതയ്യലാൾ
കടിച്ചുപോയ് ജിഹ്വയൊലിച്ചുചോരയും. (183)

അന്യൂനമാമമ്മുഖരക്തധാരയാൽ
തന്വുദരിതല്പമനല്പമപ്പഴേ
അന്യൂപദേശപ്രഭ പൂണ്ടുകണ്ടപേർ
തന്വുരുഹംപോലു മതീവഹൃഷ്ടമായ്. (184)

അലമ്പെനിക്കുണ്ടളവാറമട്ടുകാൽ-
ച ലമ്പഴിക്കംബ! യഴിക്കവേണിയും
പുലമ്പിനാളംബിളിയഞ്ചുമാനനാ
വിലംബമന്യേ പലവട്ടമിങ്ങിനേ. (185)

പ്രതീപദശ്ശിന്യജമെയ്യിൽനിന്നുതൽ-
പ്രതീകമോരോന്നു പ്രഥക്കുറത്തവൾ
അതീവ ഖേദിച്ചു സുതീപ്രഭൂഷണ
പ്രതിഷ്ഠമെയ്യിന്നതഴിക്കുവാൻ പ്രസൂഃ (186)

ഒരംഗമംഗത്തിലുറച്ചിരിപ്പത-
ത്ത്യരംപിളക്കാമൊരുവൾക്ക നിർദ്ദയം
പരം തു സംസർഗ്ഗമൊരൊററ ബന്ധമ-
ള്ളോരംഗഭൂഷാ നിരസിക്ക സങ്കടം. (187)

വിഗീതമെന്തൊന്നിവളാചരിച്ചഹോ!
ദൃഗീദൃഗീശാന സുതക്കുവായ്ക്കുവാൻ
മൃഗീദൃഗീവണ്ണ മരച്ചുരച്ചുപ-
ന്നഗീകൃതം കേശമഴിച്ചുമെല്ലവേ. (188)

രസിച്ചിരിക്കുന്ന മദേകപുത്രിയേ
ഗ്രസിച്ചുനാഡിപ്പിഴ തന്നിലാഴ്ത്തിനീ
ശ്വസിച്ചിടാൻപോലു മശക്തയാക്കൊലാ-
ശ്വസിച്ചിടട്ടെന്റെ തനൂജദൈവമേ! (189)

ഒരിക്കലെക്കാകവധൂടിപോലെഞാൻ
ഗരിഷ്ഠതാപങ്ങൾ സഹിച്ചുപൊറാത്തും
അരിഷ്ടൊഴിഞ്ഞീദിവസംവരെ, നിരാ-
കരിക്കവെയ്യാത്ത വിപത്തിലിന്നിതാ! (190)

മലർന്നുമെത്തത്തലമാർന്നതീവവാ-
യുലർന്നു പാണ്ഡുപ്രഭപൂണ്ടു ഭാമിനീ
കലർന്നസാദ്ധ്യാമയചിഹ്ന, മക്ഷപാ
വുലർന്നു വന്നാനൊരു വൈദ്യനാംഗളൻ. (191)

പുരക്കുചുററും ഫലവൃക്ഷസഞ്ചയം
നിരക്കുനില്ക്കുന്നതു തന്നെ കാരണം
ഉരച്ചതാന്തൊന്നിയഭാരതീയന-
ത്തരത്തിൽ ഭൈഷജ്യമസജ്ജമപ്പുരെ. (192)

ഹരിച്ചുവിത്തം ക്ഷണമാംഗളൻഭിഷക്
തരിച്ചു, സായാമമഹാമയാവിനി
ചരിച്ചുപെട്ടെന്നു പരേതനാഥനേ
വരിച്ചുമോദിച്ചു രമിച്ചുകൊള്ളുവാൻ. (193)

മരിക്കുന്നല്ലാന്നെന്നിയിങ്ങുജീവിതം
ധരിച്ചിരിക്കുന്നതിനില്ലഹോ! ഫലം
ധരിത്രിവിട്ടെൻെറ സുതെ! ഹതോയമി-
ങ്ങിരിക്കെ നീ നിൻ നവയൌവനാദിയിൽ. (194)

ശിവൻെറ വിബുധജനവന്ദ്യപാദപ-
ല്ലവൻെറ രക്ഷക്കു മുതിർന്നവൻെറമേ
അവൻെറ സാരോക്തി സമസ്തബന്ധുപും-
ഗവൻെറഞാൻ തെററിധരിച്ചു ദൈവമേ!. (195)

നിജാവസാനത്തിലതീവസാരമാ
മജാനുലാപം വിലവെച്ചിടാതെ താൻ
സജാതിചെയ്യുംപടിസാഹസം തുട-
“ർന്നജാകൃപാണീയ” മണർന്നുപാപിഞാൻ. (196)

പെരുത്തുകാലം കൊതികൊണ്ടു കണ്ണിണ-
ക്കൊരുത്തമേന്ദുദ്യുതിയായ പുത്രിയേ
മരുത്തുകോപിച്ചു ഘനാമയേമറി-
ച്ചിരുത്തി മാംസന്തമസേ ഹതാശനേ. (197)

കഴിക്കയെന്നല്ല സദാഹതാമിഷം
കഴിക്കുവൻ നാറും കറിതന്നെ വിട്ടുഞാൻ
ഒഴിച്ചിടാതുദ്ധര! ദേവ! സങ്കടം
ച്ചുഴിക്കുമദ്ധ്യത്തിലുഴക്കുമെന്നെനീ (198)

നിതാന്തമിച്ഛിച്ചു ലഭിച്ചപത്രിയേ
കൃതാന്തനത്യല്പവിലക്കുവിററുഞാൻ
ഹതാമിഷത്തിൻ കറിക്കൂട്ടിദുഷ്ടനി-
നിതാഭഹിക്കുന്നതിനോഴ്ക്രൂടഃവ. (199)

അവ നവനവിഹീനൻ ഭാര്യയോടൊത്തുമിത്ഥം
ജവന-വനസരിത്തിൻമട്ടു കണ്ണീരൊഴിച്ചും
ഭവ-നവനമഹിംസാ ശബ്ദമോരോന്നുരച്ചും
ഭവന-വനസമീപേ വെച്ചുചുട്ടാത്മജാമോം. (200)

ശാന്തിഃ ശാന്തിഃ ശാന്തിഃ

# ടിപ്പണി.

2 ചോദിച്ചു=വിധിച്ചു. "ചോദനാചോപദേശശ്ചവിധിശ്ചൈകാൎത്ഥവാചിനഃ" എന്നു കുമാരിലഭട്ടൻ. മഹിളാ=സ്ത്രീ. പുമൎത്ഥം=പുരുഷാൎത്ഥം. അനപത്യൻ=സന്താനമില്ലാത്തവൻ.

3 ജായാപതികൾ=ദംപതികൾ. കുമാരൻ=1. ബാലകൻ. 2 സുബ്രഹ്മണ്യൻ. സ്മരാഭിധംദൈവതംഭജിച്ചു = 1. കാമദേവനെസേവിച്ചു. 2. കാമക്രീഡചെയ്തു. പുരാണമൂഢർ = 1. മൂത്തവിഡ്ഢികൾ. 2. പുരാണത്തിൽ മൂഢവിശ്വാസമുള്ളവർ.

4 അദൃഷ്ടവൈഭവം=നിൎഭാഗ്യശക്തി. ബലിഷ്ഠം=പ്രബലം. മുഹുഃ=പിന്നെയും പിന്നെയും.

5 നൎമ്മം=സുഖം. അപത്യം=സന്താനം.

6 സുതാനനം=പുത്രമുഖം. കൃതാന്തബന്ധുതാ=അന്തകബന്ധുത്വം. (മരണം) നിതാന്തഖേദം=അതിദുഃഖം. ഹതാശാ=നഷ്ടമനോരഥാ.

7 സ്പൃഹാ=ആശാ. അഹൎദ്ദിവം=രാപ്പകൽ.

8 ഭൃംഗീനിഭവേണീ=അളിവേണി. യൌവനപ്രശാന്തികാലം=യൌവനാവസാനം. ഭൃശാംഗസൌഭാഗ്യനികേതം=ഏറിയസൌഭാഗ്യത്തിന്നു ഇരിപ്പിടം.

9. പാമരൻ=മൂഢൻ. ചരണായുധങ്ങൾ=കോഴികൾ.

10 ഉരോജഭൂഭൃതോഃ=(ഷ-ദ്വി) കുചപർവ്വതങ്ങളുടെ. ഉപത്യകാ=താഴ്വര. ദുർഗ്ഗമാ=ഗമിപ്പാൻ പാടില്ലാത്തത്.

സാരം—സ്വഭാര്യ്യ പ്രസവിച്ചതിന്റെ ശേഷം സുഖക്കുറവു ഒന്നും ഉണ്ടായിരുന്നില്ല. സന്താനസ്നേഹംകലശലായിരുന്നു. എങ്കിലും കുചപർവ്വതങ്ങളുടെ സമീപംപോലും കുട്ടിക്കു പ്രവേശിച്ചുകൂടായിരുന്നു. അതായത കുട്ടിയെ മുലകൊടുത്തു വളർത്തിയിരുന്നില്ല.

11 അജക്ഷീരം=ആട്ടിൻപാല്. (കുക്കുടാണ്ഡവത്) ആംഗളൻ=യൂറോപ്യൻ. ഗവ്യം=പശുവിൻപാൽ.

13 ചന്ദ്രമസ്സമാനനാ=ചന്ദ്രമുഖി. കുമാരിമരീശ്വരീ=കന്യകാകുലദേവതാ.

14 അരാളനീലാളകാ=ചുരുണ്ടിരുണ്ട കുറുനിരകളോടുകൂടിയവൾ. മരാളധാരാളമനോജ്ഞഗാമിനീ=അരയന്നത്തെപ്പോലെ ധാരാളം മനോഹരമായ ഗമനത്തോടുകൂടിയവൾ. വേലാ=കടപ്പുറം. പരാഭവം=പരിഭവം.

സാരം—ഈ ദമ്പതികൾ മുമ്പ് കടപ്പുറത്ത് പോക പതിവായിരുന്നു. ഇപ്പോൾ കുറെകാലമായിട്ടു കടപ്പുറത്തു പോകായ്കയാൽ അതു പരിഭവിച്ചിരിക്കണം. ആ പരിഭവം തീർക്കേണമെന്നു ഭാര്യ്യ ഭർത്താവോടു പറയുന്നു. അതായതു കുറെക്കാലമായല്ലൊ കടപ്പുറത്ത് പോയിട്ടു നാം ഒന്നു കടപ്പുറത്തു പോകുക എന്നു ഭാര്യ്യ പറയുന്നു.

15 സോയം=(സഃ+അയം) ആ ഇവൻ. കട ലോരം=കടപ്പുറം. ചംക്രമിച്ചു=സഞ്ചരിച്ചു.

16 മഹാൻ=മഹാന്മാർ. (ജാത്യേകവചനം) മഹാത്മാക്കൾ. അപത്രവിഷ്ണോ=ലജ്ജാശീലെ (സം ബോധന) അപഷ്ടു=(ക്രി-വി.) സ്പഷ്ടവല്ലാതെ. സ്പഷ്ടു=ശോഭനം. ജപാ=ചെമ്പരത്തിപ്പൂവ്. ആ ഭാ=ശോഭാ. ജപകെഴുന്നാഭ=ചുകപ്പുനിറം.

സാരം—അല്ലയൊ ലജ്ജാശീലയായ സഖി മഹാ ന്മാൎക്ക ആപത്തുവന്നാലും സമ്പത്തു വന്നാലും അവർ ഒരേ വിധത്തിലിരിക്കും. ഉദിക്കമ്പോൾ ചെമ്പരു ത്തിപ്പൂപ്പോലെ ചുകന്നിരിക്കുന്ന സൂൎയ്യൻ ഇപ്പോൾ അസ്തമിക്കുമ്പോഴും അതേ വിധത്തിലിരിക്കുന്നതു ക ണ്ടാലും.

17 പോതങ്ങൾ=കപ്പലുകൾ.

25 സുതേഷ്ടദാരാദ്യവശംവദൻ=1, സുതാ, ഇ ഷ്ടദാരങ്ങൾ ഇവൎക്ക അവശംവദനായവൻ. അവ ശംവദൻ=അധിനനല്ലാത്തവൻ 2 സുതന്മാർ, ഇ ഷ്ടദാരങ്ങൾ ഇവൎക്ക വശംവദനായവൻ. (അധീന നായവൻ) പുത്രന്മാർ ഭാൎയ്യ മുതലായവർ പറയുന്ന തെല്ലാം അനുസരിക്കുന്നവന്റെയും ഒന്നും അനുസരി ക്കാത്തവന്റെയും കാൎയ്യം മോശമാണെന്നു സാരം—

26 കന്ധരോചിതപ്രമാണം=കഴുത്തിന്നു തക്ക വലുപ്പമുള്ളതു.

33 പ്രകാമമാംജ്വരഃ=കാമജ്വരം. സംജ്വരം= ദുഃഖം.

35 പ്രതീതൻ=പ്രസിദ്ധൻ. പ്രതീപം=വിപരീതം.

37 സവൎണ്ണമൎയ്യാദ=സജാതിമൎയ്യാദ. വിവൎണ്ണൻ=നീചൻ.

38 മദ്ധ്യുളി=മന്തിരിഞ്ഞ. വിധൂയ=വിറപ്പിച്ചിട്ടു.

39 ഘസ്മരൻ=അധികം ഭക്ഷിക്കുന്നവൻ. പ്രദക്ഷിണീകൃത്യ=ഏററവും ദക്ഷിണനാക്കി തീൎത്തിട്ടു. ദക്ഷിണൻ=സരളൻ. ദയാദരിദ്രൻ=നിൎദ്ദയൻ. തദക്ഷിനീരാഴി = അവൻെറ കണ്ണുനീർക്കടൽ. സുദക്ഷൻ=സമൎത്ഥൻ. ജിഘാംസു=ഹനിപ്പാനായിക്കൊണ്ട ഇച്ഛയോടുകൂടിയവൻ. പ്രദക്ഷിണീകൃത്യ=പ്രദക്ഷിണംചെയ്തിട്ട്.

45 കദാമിഷം=കുത്സിതമാംസം.

47 പാശവംപാശം=പശുസംബന്ധമായ ബന്ധം. അതായത മൃഗരൂപമായജന്മം. പുരോഗതി=ഊൎദ്ധ്വഗതി.

49 ഭണേ (ലോട്-മ-പു-ഏ.) ഭണിച്ചാലും. പറഞ്ഞാലും. ഘൃണാവഹം= നിന്ദാവഹം. ഘൃണാജുഗുപ്സാനിന്ദാപ ഇതികോശഃ;

51 യുധം=യുദ്ധത്തെ. (യുത് എന്നു പ്രഥമ)

55 സ്വാരേവ= (സ്വർ + ഏവ) സ്വൎഗ്ഗത്തിൽതന്നേ. പരേതരാജൻ=അന്തകൻ.

59 കരണങ്ങൾ=ഇന്ദ്രിയങ്ങൾ.

60 പലദേവതാൎച്ചനപ്രചാരം=പലം (മാംസം) കൊണ്ടുള്ള ദേവതാൎച്ചനത്തിൻെറപ്രചാരം.

63 കഡാരജൈമിനേഃ= (ഷ. ഏ.) കഡാരനാ യ (ഗവ്വിതനായ) ജൈമിനിയുടെ. മതാവലംബിപ്ര ഥാ=മതാവലംബിഎന്നുള്ളപ്രഥാ (പ്രസിദ്ധി) വഷളാക്കുക=വഷളാക്കുരിക്ക. ദേവതോദ്ദേശത്തോടുകൂടി അഗ്ന്യാദിയിൽ ദാനം ചെയ്ക.

64 സാരം—മഹീധരൻ, രാവണൻ, ഉവ്വടൻ, സായണാചാൎയ്യൻ ഇവരെല്ലാം വേദഭാഷ്യകൎത്താക്കന്മാരാകുന്നു. ഇവർ വേദവിരുദ്ധമായ ഭാഷ്യമെഴുതി ജന്തുഹിംസാപൂൎവ്വകമായ യാഗങ്ങളും മററും നടത്തി ലോകത്തിൽ ഹിംസയെ നിലനിൎത്തിപ്പോന്നു.

65 അവിഘ്നമസ്തു=അവിഘ്നംഭവിക്കട്ടെ. അതായത് വിഘ്നം ഉണ്ടാകാതിരിക്കട്ടെ. അസ്യ=ഇവൻെറ. അവിഘ്നൻ=അവിയെ (ആട്ടിനെ) ഹനിക്കുന്നവൻ (കൊല്ലുന്നവൻ) സ്വന്നിഘ്നർ=തന്നെ ആശ്രയിക്കുന്നവർ. ഘ്നതാം= (ഷ-ബ) ഹനിക്കുന്നവൎക്ക്. ഉത്സവം=ആനന്ദം.

67 ശിവാപൂരാജിരെ=ദേവീക്ഷേത്രമിററത്ത്. വരാകി=ശോചനീയാ.

69 പക്ഷവധം=പക്ഷവാതം.

71 കൃശർ=ദുൎബ്ബലർ. അംഗാരം=തീക്കനൽ. കൃശക്കാരംഗാര=ദുൎബ്ബലന്മാൎക്ക് തീക്കനലായിട്ടുള്ളവനെ = ദുർബ്ബലന്മാരെ നശിപ്പിക്കുന്നവനെ എന്നു സാരം.

72. ധീവരി=മുക്കുവസ്ത്രീ. ഇത്വരീ=വ്യഭിചാരിണി പിണമാലാ=ശവമാലാ (മീൻകോവ എന്നു സാരം)

മേഷകം=ദയനീയനായ ആട് (ഇവിടെ ക പ്രത്യയം അനുകമ്പാർത്ഥത്തിലാകുന്നു).

73. ചരു=ദേവതാർത്ഥമായ പായസം. പ്രസന്നർ=സന്തുഷ്ടർ. ആയത്=ചരു. (അതായത് ഒരു വക ചെറിയ മത്സ്യം.)

74. പഴിക്ക=കുററംപറക. ഒഴിക്ക=വിട്ടുപോക. കൃതാന്തൻ=കൊലയാളി. മത്സ്യപദാർത്ഥവാസ്തവം=മത്സ്യപദത്തിൻെറ വാസ്തവമായ അർത്ഥം. അയെ=എടൊ.

സാരം—,, നിന്നേ തിന്നാൻ ആഗ്രഹിക്കുന്ന എന്നേ മററാരിക്കൽ തിന്നാൻ നീയും ആഗ്രഹിച്ചുകൊൾക'' എന്നാണ് മത്സ്യപദത്തിൻെറ വാസ്തവാർത്ഥമെന്നു കവി പറയുന്നു. കൃതന്തപ്രകരണത്തിൽ ,, സർവ്വപ്രാതിപദികേഭ്യഃ സുഗസ്യൈകസ്യൈ ചില്ലാലസയാം'' എന്ന പാണിനീയസൂത്രപ്രകാരം അസ്മച്ഛബ്ദത്തിൻെറ ഏകവചനമായ മത് എന്ന നാമധാതുവിൽ നിന്ന ലോട് മധ്യമപുരുഷൈകവചനം വരുത്തിയാൽ ഉണ്ടാകുന്ന രൂപമാകുന്നു മത്സ്യപദം. മത്സ്യഭക്ഷകന്മാർ തങ്ങളുടെ ദേഹത്തെ മററാരിക്കൽ മത്സ്യങ്ങൾക്ക് തിന്നാൻ വാഗ്ദത്തം ചെയ്യുന്നു. ഈ വാഗ്ദത്തം മത്സ്യപദത്തിൽ അടങ്ങിയിരിക്കുന്നു.

78. ജന്മനീഹ(ഇഹജന്മനി എന്നന്വയം)=ഈ ജന്മത്തിൽ. ഖുനീഹി (ലോട മ. പു. ഏ) ഛേദിച്ചാലും. അവൻ ഏതേന്നയും ഉണ്ണും എന്ന് മനീഷി ചൊല്ലുന്നു. ഇതാണ് മാംസാർത്ഥം, സംശയം ഖുനീഹി

എന്നന്വയം. " മാംസഭക്ഷയിതാമുത്ര യസ്യമാംസ മിഹാദ്മ്യഹം ഏതന്മാംസസ്യമാംസത്വം പ്രവദന്തിമ നീഷിണഃ " എന്ന മനു.

79. നിരാമിഷം=മാംസരഹിതം. ശാസനം= കല്പനാ. ഉത്തരം=പൂൎവ്വമല്ലാത്തതു്.

സാരം— ഉത്തമാശനം മാംസോത്തരമെന്ന വി ദുരവാക്യത്തിലെ ഉത്തരപദത്തിന്നു് പൂൎവ്വമല്ലാത്തതു് എന്നൎത്ഥമാകുന്നു. അപ്പോൾ മാംസോത്തരമെന്നതി ന്നു മാംസപൂൎവമല്ലാത്തതു് അതായതു് മാംസമില്ലാത്ത തു് എന്ന അൎത്ഥം സിദ്ധിക്കുന്നു. ഈ ഉത്തരപദത്തി ന്നു നീചന്മാർ പൂൎവമെന്നൎത്ഥം വരുത്തി വിപരീത മാക്കിത്തീൎക്കുന്നു. ഉത്തരം ഒരിക്കലും പൂൎവമാകുന്നത ല്ലല്ലോ.

80. പരിത്യജിക്ക=ഉപേക്ഷിക്ക. ഊരീകരിക്ക= സ്വീകരിക്ക. ഇത്ഥം=ഇപ്രകാരം. അമത്തസത്തമ ൻ=അമത്തനായസത്തമൻ. വരിഷ്ഠൻ=ശ്രേഷ്ഠൻ.

സാരം— ഉത്തമാശനം മാംസോത്തരമെന്ന ദി ക്കിൽ മാംസം ഭക്ഷിക്കാമെന്നും മദ്യപാനം, നായാട്ടു് മുതലായ സപ്തവ്യസനങ്ങളെ നിഷേധിച്ച കൂട്ടത്തിൽ മാംസംഭക്ഷിക്കരുതെന്നും അന്യോന്യവിരുദ്ധമായി വി വേകിയായ വിദുരൻ വിധിക്കുമോ. അതുകൊണ്ടു മാം സോത്തരമെന്നദിക്കിൽ മേൽപറഞ്ഞപ്രകാരം മാംസ ത്തോടുകൂടാത്തതു് എന്നൎത്ഥം ഗ്രഹിക്കേണം. അല്ലെ ങ്കിൽ വിദുരവചനം ഉന്മത്തപ്രലാപമായിത്തീരും.

81. കൃപാനദി=കൃപയാകുന്ന നദി. അങ്കുര ങ്ങൾ=മുളകൾ. അപാപൻ=പാപമില്ലാത്തവൻ

പുണ്യാഖ്യം=പുണ്യം എന്നപേരോടുകൂടിയത്. ദുഷ്ടതാതപാതിരേകം=ദുഷ്ടതയാകുന്ന ആതപത്തിന്റെ (വെയിലിന്റെ) ആധിക്യം.

82. സദത്ഥവാദം=സജ്ജനങ്ങളുടെ അത്ഥവാദം. മദത്ഥിഭാവം=എന്റെ അത്ഥിഭാവം. (യാചകത്വം) മദത്ഥം=എനിക്കുവേണ്ടി. കദത്ഥിയാസ്സു=ചീത്തപ്പെടുത്തൊല്ല. അദൃഷ്ട=ശോഭനം. നിൻഭവം=നിന്റെ ജന്മം.

സാരം— സജ്ജനവാദത്തെയും എന്റെ അപേക്ഷയേയും ഗണ്യമാക്കാതെ ഞാൻ പറയുന്നതു എനിക്ക് വേണ്ടിമാത്രമാണെന്നു കരുതി നീ എന്നെ കൊലപ്പെടുത്തി നിന്റെ ജന്മത്തെ ചീത്തയാക്കിതീർക്കൊല്ല

83. ദുരീഹിതം=ദുരാശാ, ദുരാഗ്രഹം. അജമാംസലാലസാപരീതം=അജമാംസത്തിലുള്ള ലാലസയാൽ (അത്യാശയാൽ) പരീതം= (ചുററപ്പെട്ടത്)

84. ഉരസ്സു=നെഞ്ഞ്. അഹദ്ദിവം=രാപ്പകൽ. മുദാ=സന്തോഷത്തോടെ. അരക്കർ=രാക്ഷസർ. അതിവനിർദ്ദയൻ=ഏററവും ദയയില്ലാത്തവൻ.

85. അപേതബാധം=ബാധകൂടാതെ. ജഗത്=ലോകം. (ഇതു കത്തൃപദമാകുന്നു.) അംബ(സം)=മാതാവെ. ഉപേന്ദ്രൻ=വിഷ്ണു. കൃപേമഹാദേവി=കൃപയായുള്ള മഹാദേവി.

86. സ്വമാതാവ്=തന്റെ മാതാവ്. ഉയിർപ്രണാശം=പ്രാണനാശം. ഉന്നയിച്ചിടാം=ഉഹിക്കാം.

സാരം— നീ നിന്റെ മാതൃജഠരത്തിൽ കുടൽമാലകളാൽ ചുററപ്പെട്ടു കിടന്നകാലത്ത് ആ കടൽ

മാലകളെ ഭക്ഷിച്ചു നിന്റെ അമ്മയുടെ പ്രാണനാശ

മൊ ചെയ്യാതിരുന്നതു നിണക്ക ആ കാലത്തു പല്ലി

ല്ലാത്തതുകൊണ്ടായിരിക്കാം എന്നു ഊഹിക്കാം.

87. കരാഗ്രം=പുല്ക്കൊടി. നിശാന്തകാലം= പുലർകാലം; പുലച്ച. ഉലൂകൻ=ക്രൂരൻ, നത്ത്. അശാന്തനാദം=ഉറക്കെ. കശാപ്പുകാരക്രിയ=കശാപ്പുകാരന്റെക്രിയ. കശാപ്പുകാരൻ=മാംസക്കച്ചവടം ചെയ്യുന്നവൻ.

88. തുലോം=ഏറാവും. സമാജ്ജിക്ക=സമ്പാദിക്ക. തേമനം=കറി; കൂട്ടാൻ.

89. അദന്തൻ=പല്ലില്ലാത്തവൻ. വിദന്തൻ= കൊന്ത്രമ്പല്ലൻ. മദന്തകന്മാർ=എന്റെ അന്തകന്മാർ (അതായതു ആട്ടിനെ കൊല്ലുന്നവർ) ഉദന്തം=വൃത്താന്തം. ഏഷാം=ഇവരുടെ.

സാരം— ആട്ടിനെ വെട്ടുന്നവരായ പല്ലില്ലാത്ത ഉണ്ണിക്കുട്ടി, മുടന്തനായ അസ്സൻ, കൊന്ത്രമ്പല്ലനായ വീരാൻ, അവറാൻ, അബൊക്കർ മുതലായ മാപ്പളമാരെപ്പോലെ എന്നെ കൊല്ലുവാൻ പുറപ്പെടുന്ന നീ മേൽ പറഞ്ഞവരുടെ വൃത്താന്തം ആലോചിക്കേണമെ. അവരെല്ലാം വളരെ കഷ്ടപ്പെട്ടാണ് മരിച്ചത്. അത് നീ ആലോചിച്ചു നോക്കേണമെ എന്ന സാരം.

91. മഹോദരാദി=മഹോദരം മുതലായ രോഗം. സ്വപാപസംഘാതം=തങ്ങളുടെ പാപക്കൂട്ടം. വിപാകം=ഫലം,

93. രസാതലം=ഭൂതലം. മാംസരസാനഭിജ്ഞൻ=മാംസരസത്തെ അറിയാത്തവൻ. കിംവദന്തികാ=നിന്ദ്യമായ ജനശ്രുതി-(കുത്സിതൈകഃ).

94. വരീ=ശതാവരി. ഇക്ഷുരം=വയിൽചുള്ളിവിത്ത്. ഗോക്ഷുരം=ഞെരിഞ്ഞിൽ. ഭേഷജം=മരുന്ന്. കുരീതി=ചീത്തസമ്പ്രദായം.

95. ഗതാമയം=രോഗംകൂടാതെ. സജ്ജനപ്രതാദൃതെ=(സജ്ജനപ്രതാൽ+ഋതെ)=സജ്ജനപ്രതത്തെ ഒഴിച്ചു. ആയുഷോവേദം=ആയുർവ്വേദം. പിതാമഹാദ്യൈഃ=ബ്രഹ്മാദികളാൽ. ഉപദിഷ്ടം=ഉപദേശിക്കപ്പെട്ടത്. ഇഷ്ടദം=ഇഷ്ടത്തെ ദാനംചെയ്യുന്നത്.

96. ശവാശിവർഗ്ഗം=ശവം തിന്നുന്ന നായ കുറുക്കൻ മുതലായവ. വിവേകാധികൻ=അധിക വിവേകമുള്ളവൻ. തവ=നിണക്ക്. അവാമൻ=അനുകൂലൻ. അവാന്തരം=സജാതീയഭേദം.

97. ഉദേത്യ=ഉദിച്ചിട്ട് കിയത് (അ) = കുറഞ്ഞൊന്നു. അപ്പൊഴത്=ആ അവസരത്തിൽ. നിരാമിഷാശികൾ=മാംസം ഭക്ഷിക്കാത്തവർ.

സാരം—സൂര്യോദയം കുറഞ്ഞൊന്നു കാണുമ്പോൾ പ്രകൃത്യാ നിരാമിഷാശികളായ മനുഷ്യാദികൾ ആ സമയത്തെ ഏററവും ഇഷ്ടപ്പെടുന്നു. പ്രകൃത്യാ ആമിഷാശികളായ ജീവികൾ ആ സമയത്തെ ഭയപ്പെടുകയും ചെയ്യുന്നു. ഇത് ആമിഷാശികളിൽനിന്നു നിരാമിഷാശികളെ തിരിച്ചറിവാനുള്ള മറെറാരു മാർഗ്ഗമാകുന്നു.

99. ആപ്തവാക്യം=വിശ്വാസ്യവാക്യം. പ്രമാദ ധീ=പ്രമാദമെന്നുള്ള ബുദ്ധി. സമാന!=മാനത്തോടുകൂ ടിയവനേ. (പ്രമാണജ്ഞാനമുള്ളവനെ എന്ന സാരം.) അനുമാനം= „പ്രത്യക്ഷാനുമാനോപമാനശബ്ദാഃ പ്രമാ ണാനി'' എന്ന ഗൌതമന്യായ സൂത്രസിദ്ധമായ പ്രമാ ണചതുഷ്ടയത്തിൽപെട്ട ഒന്ന്. ഉത്തരം=മേൽപറ ഞ്ഞത്. അദോഷദൂഷിതം=ദോഷരഹിതമായത്. അ തായത് അവ്യാപ്ത്യതിവ്യാപ്ത്യസംഭവരൂപദോഷത്രയ മില്ലാത്തത.

100. അമുത്ര=ജന്മാന്തരത്തിൽ „ പ്രേത്യാമുത്ര ഭവാന്തരേ'' ഇത്യമരഃ. അമന്ദസന്താപനിമഗ്നാ=അതി രില്ലാത്ത വ്യസനത്തിൽ മുങ്ങിയവൾ.

101. പുരീഷമൂത്രാദിപരീതി=മലം മൂത്രം മുതലാ യതിനാൽ ചുററപ്പെട്ടത. ശുക്ലരജോവികാരം=ശുക്ലര ക്തവികാരം. തുരീയമാകും പുരുഷാർത്ഥം=മോക്ഷം. അ ർത്ഥാംധുരീണ!=അർഹിക്കുന്നവരിൽ വെച്ച ശ്രേഷ്ഠനാ യുള്ളോവെ. ആയത്=ശുക്ലരക്തവികാരമായമാംസം.

103. വിഹസ്തർ=കയ്യില്ലാത്തവർ, വിഹ്വലന്മാ ർ എന്നും. മതിമജ്ജനം = മതിമാന്മാരായ ജനം. വ നം=ശ്മശാനം. മാംസസംഭവം=മാംസത്തിൽനിന്നു ണ്ടായത്.

105 ശുനാം (ഷ- ബ.)=നായ്ക്കൾക്ക്.

106. ആദ്യം=അദിക്കത്തക്കത്, തിന്നത്തക്കത്.

107. ഉദിതാരാമോദം= സന്തോഷത്തോടുകൂട്ടം വണ്ണം.

109. ഹതി=വധം; കൊല. സവം=യാഗം. “യജ്ഞഃസവോധ്വരോയാഗഃ” ഇത്യമരഃ.

110. വരാ=വരില്ല. വരാന്നം=സസ്യാന്നം അന്യഗാമയം=മററുള്ളവക്കുള്ള രോഗം. ഗുണി=ഗുണവാൻ. പരാമിഷാശി=പരമാംസഭക്ഷകൻ.

111. വരാകൻ=ശോച്യൻ. പിശിതം=മാംസം “പിശിതംതരസംമാംസ”മിത്യമരഃ. പരാപരാഭിജ്ഞൻ=വേദശാസ്ത്രാഭിജ്ഞൻ.

112. ദൃശിക്രിയക്കാർ=നോക്കുന്നവർ, കാവൽക്കാർ. സുശിക്ഷിതന്മാർ=നല്ലപഠിപ്പുള്ളവർ.

സാരം— നോക്കിക്കാണ്മാൻ ശക്തിയുള്ള കണ്ണുകളും ഗന്ധമറിവാൻ സാമർത്ഥ്യമുള്ള മൂക്കും ഈ മൂന്നു ജ്ഞാനികൾ വായ എന്താണ് ഭക്ഷിക്കുന്നതെന്നു പരീക്ഷിക്കുന്നവരാകുന്നു. (ഈ മൂന്നു പരിക്ഷകന്മാക്കു സമ്മതമല്ലാത്ത ഭക്ഷണം കഴിക്കരുതെന്നു സാരം.)

113. വിലോചനേ=(പ്ര.ദ്വി-വ.) കണ്ണുകൾ.

114. മറിച്ചു=നേരെമറിച്ച്. അഭക്ഷ്യഭക്ഷ്യതാ=ഭക്ഷ്യാഭക്ഷ്യഭാവം.

115. അധിരൻ=അവിദ്വാൻ; പാമരൻ. താൻ=(തച്ഛബ്ദം-ദ്വി-ബ.) അവരെ (കണ്ണു മൂക്ക് ഇവയെ എന്നു സാരം) വധിരണംചെയ്ക=അവധീരണംചെയ്ക, നിന്ദിക്ക. “വഷ്ടിഭാഗുരിരല്ലോപമവാപ്യോരുപസൎഗ്ഗയോഃ” എന്നതിനാൽ അല്ലോപം.

116. മനോവിഘാതം=മനഃപീഡാ. ഊർണ്ണാ=രോമം. അനോകഹാനാം=(ഷ. ബ. വ.) വൃക്ഷങ്ങടെ.

117. ഗിരീശപാദം=ശിവപാദം. കരീഷവഹ്നി=ഉണക്കച്ചാണകത്തീ. ഭസിതീകരിക്ക=ഭസ്മമാക്കുക. പുരീഷം=മലം. ജരീകരിക്ക=നശിപ്പിക്ക.

118. ചരിക്ക=ഭക്ഷിക്ക. (ചര് ഗതിഭക്ഷണയോഃ=ഇതിധാതുഃ) കാസശ്വാസനക്ഷയാത്തൻ=കാസത്താലും (കരയാലും) ശ്വാസനത്താലും (ഏക്കത്താലും) ക്ഷയത്താലും ആർത്തനായവൻ. ഭിഷക്ക്=വൈദ്യൻ. അദ്യ=ഇന്ന്. വധ്യൻ=കൊല്ലപ്പെടേണ്ടവൻ.

119. രീതി=പിച്ചള. രസസിദ്ധൻ=ഒരു ലോഹത്തെ മറെറാരു ലോഹമാക്കിത്തീർപ്പാൻ സാമർത്ഥ്യമുള്ളവൻ. "സുവർണ്ണരീതികാചൂർണ്ണം ഭക്ഷിതം വിഷ്ടിതം പുനഃ ചരാഗേന കൃഷ്ണവർണ്ണേനമത്തേനതരുണേനച" എന്നിത്യാദി ഉപദേശങ്ങൾ നോക്കുക. 16, 17, 18, 19. ഈ ശ്ലോകങ്ങളെക്കൊണ്ടു ആട്ടുതാൻ കച്ചവടക്കാരനും, വൈദ്യനും, രസസിദ്ധനുമാണെന്ന് തെളിയിക്കുന്നു.

120. വൃകാദിമദ്ധ്യം=ചെന്നായ മുതലായവയുടെമദ്ധ്യം. "കോകസ്സ്വീഹാമൃഗോവൃകഃ=ഇത്യമരഃ-

121. കടുക്തി=ശകാരം; ചീത്തവാക്ക്.

122. പലലാതിലാലസാവശാൽ=മാംസത്തിലുള്ള അത്യാശനിമിത്തം. നിസ്ത്രപം=ലജ്ജകൂടാതെ. മഹാമഹാനസം=മഹത്തായമഹാനസം, മഹാനസം=അടുക്കള.

123. കമിതാവ്=ഭത്താവ്. ,,കാന്തസ്യാൽ കമിതാപതിവ്വരയിതാ ഭത്താചവേത്താധവഃ" ഇതി കോശഃ.

125. പെണ്ണേഷം=പെണ്ണാട്

126. ഉറഭ്രം=ആട്. പാകഗൃഹം=അടക്കള.

127. ശുനി=പട്ടിനായ.

129. പാതും=പാലിപ്പാനായി. അലം=മതിയായവറം; ശക്തിയുള്ളവറം. പതാകാ=കൊടിക്കൂറ. ഗതാസു=മൃതൻ; മരണമടഞ്ഞവൻ. ,,ഋതാദികമ്മണി ക്തഃ". ഊണ്ണാ=രോമം.

232. കനിഷ്ഠികാ=സോദരി. ജ്യേഷ്ഠം=വലിയത്.

133. പരിതോസ്യകന്ധരാം=പരിതഃ+അസ്യ+ കന്ധരാം—അസ്യകന്ധരാം പരിതഃ എന്നന്വയം=ഇവൻെറ കഴുത്തിൻെറ ചുററം. പതതിസ്മ=പതിച്ചു.

135. അദ്വിതീയപാണ്ഡിത്യപണ്ണാ=അദ്വിതീയമായപാണ്ഡിത്യംകൊണ്ട് പ്രസിദ്ധയായവറം. ,,തേനവിത്തശ്ശുഞ്ചുപ്പണപെര".

136. കുലധമ്മമമ്മണി=(ദ്വി. ദ്വി. വ) കുലത്തേയും ധമ്മമമ്മത്തേയും.

137. സദ്വസാരം=സോദരിയെ. കക്കശാ=ക്രൂരാ. മസാരസാരാക്ഷി!=ഇന്ദ്രനീലംപോലെയുള്ള കണ്ണുള്ളവളെ!.

139. കുകുമാരി=ചീത്തബാലികാ.

140. അങ്കം=അടയാളം. ഛലം=വ്യാജം.

സാരം—നഗരങ്ങളിൽ അറക്കുവാൻ പററിയ ആട്ടുകൾക്ക് ചുകന്ന അരക്ക്കൊണ്ട നെററിമേൽ മുദ്രവെക്കുന്നുണ്ടല്ലൊ,'സ്നേഹംനിമിത്തം ഈ ആട്ടിന്നു കുങ്കുമംകൊണ്ട് തിലകം തൊട്ടുകൊടുക്കുന്നൊ പതിവുണ്ടായിരുന്നു. ഇപ്പോൾ ഈ കുങ്കുമതിലകം അറക്കാൻ പററുന്ന ആടാണെന്ന് സൂചിപ്പിക്കുന്ന ആ മുദ്രയാണെന്ന് താൻ ബലമായി ശങ്കിക്കുന്നു.

141. താം=അവളെ. പ്രതിപ്രിയം=പ്രത്യുപകാരം.

142. രാമാജനം=സ്ത്രീജനം. ഏകകുക്ഷിയിൽ=ഒരേവയററിൽ.

143. സുദാരുണം=അതിഭയങ്കരം. ഭർത്തുഃ=ഭർത്താവിന്റെ. ക്ഷണം=ഹിംസാ. "ക്ഷണഹിംസായാമിതിധാതുഃ". ഉദാരദാരാൻ=ഉൽകൃഷ്ടഭാൎയ്യയോട് "ദാരാക്ഷതലാജാസൂനാംബഹുത്വം".

144. സാദ്ധ്വീ=പതിവ്രതാ. അയോമയാന്തഃകരണൻ=ഇരുമ്പുപോലെയുള്ള മനസ്സോടുകൂടിയവൻ. മാം=എന്നെ. പ്രിയോയം=(പ്രിയഃ+അയം)=പ്രിയനായഇവൻ. കരോമി=(ഉ. പ്ര. ഏ. വ.)=ചെയ്യും =പ്രിയനായ ഇവ ഞാൻ എന്തുചെയ്യും.

145. ത്വദംഗം=നിന്റെശരീരം. മദംബ!=എന്റെഅമ്മേ. അസി=വാൾ.

146. അകോപനാ=സുശീലാ. വൃകോദരൻ=വളരെതിന്നുന്നവൻ. വൃഷലൻ=അധാൎമ്മികൻ.

147. നഹി=ഇല്ല. നിശിതാസിധാരാ=കട

ഞ്ഞവാളിൻെറമുന. സാസഹി=എന്തും സഹിക്കുന്നവൻ. വഹിക്കം=ഒഴുകുന്നു.

149. പാവനം=ശുദ്ധം. ഇഷ്ടവിഹാരതുഷ്ടാ=ഇഷ്ടമായ കളികൊണ്ടു സന്തോഷിച്ചവൾ.

150. രതിപ്രിയൻ=രതിയിൽ (മൈഥുനത്തിൽ) പ്രിയമുള്ളവൻ.

151. പത്ര്=ഇലാ. അപ്പ്=വെള്ളം. താപസോപമം=(ക്രി. വി.)താപസന്മാരെപോലെ.

152. നിഷൂദനം=ഹനനം;വധം. വിഷദ്യ=ദുഃഖിച്ചിട്ട്. പ്രസൂനമൃദ്വംഗീ!=പുഷ്പംപോലെ മൃദുവായ അംഗത്തോടുകൂടിയവളെ. പരാസു=മൃതൻ. അസൂപന്മാർ=പ്രാണതുല്യന്മാർ പ്രസൂനർ=മാതൃഹീനർ. തൃഷ്ണയാ=ദാഹത്താൽ.

153. ഭവനിന്ദാ=സംസാരനിന്ദാ. ശോകസാഗരം=ദുഃഖസമുദ്രം.

154. പ്രേയസി=പ്രിയതമാ. വന്ധ്യാ=മച്ചി; പ്രസവിക്കാത്തവൾ.

155. അജെ=(സ. ഏ. വ.) ബ്രഹ്മത്തിൽ. ഭജെ=(ഉ. പു. ഏ. വ.)ഭജിക്കുന്നു. നിജേച്ഛാ=തൻെറ ഇച്ഛാ. അജെ=(സം.)ആട്ടിൻപെണ്ണേ.

156. സഹായവായനാ=സഹായമില്ലാത്തതും വായില്ലാത്തതും. കലൌ=കലിയിൽ കലികാലത്തിൽ.

157. ക്ഷപാചരന്മാർ=രാക്ഷസന്മാർ. കൃപാണം=വാള്. കൃപാവിഹീനം=ലജ്ജകൂടാതെ.

158. അയാചിതവ്രതം=ആരോടും യാചിക്കാത്തതായവ്രതം.

159. ദ്വിജാദിവിദ്വേഷം=ബ്രാഹ്മണാദിദ്വേഷം. അജാഭിധൻ=അജം എന്ന് പേരോടുകൂടിയവൻ. പ്രജാപതെ!=ബ്രഹ്മാവെ.

160. അജാതതാപം=താപംകൂടാതെ. മൃഗധർമ്മദമ്മതെ=മൃഗധർമ്മവും ദമ്മതിയും ഉള്ളവനെ. ഭുജാബലം=കയ്യൂക്ക്. "ഭുജാബാഹു:പ്രവേഷ്ടദ്ദോ:ഭുജാ:സ്സ്യാത്തെബ്വ്യധെ:" ഇതികോശഃ. അജാകൃപാണീയം=യാദൃച്ഛികമായ;പെട്ടെന്നുള്ള. കജാതൻ=നിചൻ.

161. പടീയാൻ=സമർത്ഥൻ. പുരന്ധ്റി=ഗൃഹിണി.

162. മൃഷാ=വെറുതെ. ധ്രുവം=നിശ്ചയം.

164. പിണി=ബാധാ.

165. വിനാശമം=(ശമംവിനാ) ശാന്തികൂടാതെ ഉരണോക്തി=ആട്ടിൻെറവാക്ക്.

166. ഉരണൻ=ആട്

167. നവോഢാ=പുത്തൻപെണ്ണ്.

168. യകൃത്=കരൾ.

171. ചടുക്കൾ=ചാടുവാക്യങ്ങൾ.

173. കണ്ഡു=ചൊറി.

174. പാലാശൻ=മാംസംതിന്നുന്നവൻ. കലാലതാതന്മുനി=ഘടന്മുനി.

177. വികസ്വരസ്വരാ=മധുരസ്വരാ. അരംതരാം=അതിവേഗം;പെട്ടെന്ന്.

178. ഉത്ഥായ=എഴുന്നീറ്റിട്ട. സതീക്ഷണം=(സതി+ഈക്ഷണം)=സതിയുടെ ഈക്ഷണം; പതിവ്രതയുടെ കണ്ണു.

179. സ്വകം=തന്റെശരീരം. അകത്തഴപ്പിൽ=പാപത്തഴപ്പിൽ. പരിണാമം=പരിപാകം. ഇദൃശം=ഇപ്രകാരം.

181. രതിക്ഷതതേജസ്സ്=സംയോഗക്ഷീണാ. യാമിനീപതിപ്രതികാശമുഖി=ചന്ദ്രമുഖി. യമോന്മുഖി=മരണമടുത്തവൾ.

182 കുലക്ഷിതിക്ഷിത്=കുലപർവ്വതം. മന്യാ=കഴുത്തിന്റെ പിൻഭാഗമുള്ള ഞരമ്പ.

183. തനൂദരി=കൃശോദരി. അനൂപദേശപ്രഭാ=അനൂപദേശത്തിന്റെ (ചതപ്പുനിലത്തിന്റെ) പ്രഭാ. തനൂരുഹം=രോമം.

186. പുലമ്പുക=പറഞ്ഞുകരയുക. വിളംബമന്യെ=താമസംകൂടാതെ. പ്രതിപദർശിനീ=വിപരീതദൃഷ്ടി. പൃഥക്=വെവ്വേറെ. സുതീവ്രഭൂഷണപ്രതീച്ഛ=ആഭരണങ്ങൾക്ക് അത്യന്തകൊതിയുള്ളവൾ. അത്=ആഭരണം. പ്രസൂ:=അമ്മ.

188. വിഗീതം=നിന്ദിതം രുഗീദൃഗീശാന=രുക്+ഈദൃക്+ഈശാന. ഈദൃക് രുക് (എന്നന്വയം)=ഇപ്രകാരമുള്ള രോഗം. ഈശാന=ശിവനേ. മൃഗീദൃക്=മാൻകണ്ണി. പന്നഗീകൃതം=പന്നഗമാക്കി ചെയ്യപ്പെട്ടത്. (പാമ്പിനെപ്പോലെ പിരിച്ചത്) കേശം=തലമുടി.

189. യസിച്ചു=യത്നിച്ചു. ശ്വസിക്ക=ശ്വാസം കഴിക്ക.

190. കാകവധൂടി=കാകസ്ത്രീ. ഗരിഷ്ഠതാപങ്ങൾ=വലിയതാപങ്ങൾ.

191 പാണ്ഡുപ്രഭാ=വെളുത്തപ്രഭാ. അസാദ്ധ്യാമയചിഹ്നം=അസാദ്ധ്യമായ രോഗലക്ഷണം. ക്ഷപാ=രാത്രി.

192. അഭാരതീയൻ=ആംഗളൻ. ഭൈഷജ്യം=മരുന്ന്. അസജ്ജം=തെയ്യാറില്ലാത്തത്.

193. സാ=ആ. യാമമഹാമയാവിനീ=യാമമാകുന്ന മഹാരോഗത്തോടുകൂടിയവൾ. പരേതനാഥൻ=അന്തകൻ. ഹതോയം=ഹതഃ+അയം. ഹതഃഅയം=ഹതനായ ഇവൻ.

195. ശിവൻ=ശുഭൻ. വിദ്വജ്ജനവന്ദ്യപാദപല്ലവൻ=വിദ്വജ്ജനങ്ങളാൽ വന്ദിക്കപ്പെടുവാൻ യോഗ്യങ്ങളായ പാദപല്ലവങ്ങളോടുകൂടിയവൻ. മെ=എന്റെ. ബസ്തപുംഗവൻ=ആടുകളിൽവെച്ച ശ്രേഷ്ഠൻ.

196. അജാനുലാപം=ആട്ടിന്റെ അനുലാപം. അനുലാപം=പിന്നേയും പിന്നേയുമുള്ള വാക്ക്. സജാതി=സമാനജാതി. അജാകൃപാണീയം=യാദൃച്ഛികമായ.

197. മരുത്ത്=വായു ദേവൻഎന്നും. ഘനാമയം=വലിയരോഗം. ഘനമാകുന്ന (മേഘമാകുന്ന) ആമയംഎന്നും. സന്തമസം=ഗാഢാന്ധകാരം ബൊധക്ഷയംഎന്നും. ഹതാശൻന ഷ്ടമദനോരഥൻ.

200. അവനവിഹീനൻ=രക്ഷയില്ലാത്തവൻ ജവനവനസരിത്=ജവനയാകുന്ന വനസരിത്. ജ

വന്നാ=വേഗമൊഴുകുന്നതു്. വനസരിത്=വനന
ഭവനവനം=ശിവസ്തോത്രം. അഹിംസാഗർഭം=അഹ
സാചരമായിട്ടുള്ളതു്. ഭവനവനസമീപം=ഭവനവന
ത്തിന്റെ (ഗൃഹോദ്യാനത്തിന്റെ)സമീപം.

സമാപ്തം.

---

# KOTTAYAM PUBLIC LIBRARY

## KOTTAYAM

Cl. No. ......MA2.....  Acc. No. ....13501....

This book should be returned on or before the date last stamped below.

If the book is not returned on due date
a fine of 25 Ps. per day will be charged

MA2
GOV-A 13501

ഗോവിന്ദശാസ്ത്രി. എം. കെ.

അഞ്ജുവിലാപം